***തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയൻ ലിമിറ്റഡ്***
***ക്ഷീരഭവൻ, പട്ടം, തിരുവനന്തപുരം – 695 004.***

റ്റി:ആർ:യു:എം:കെ:റ്റി:216:2026

## ***ടെൻഡർ നോട്ടീസ്***

തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോൽപ്പാദക യൂണിയന്റെ നെടുമങ്ങാട് മാർക്കറ്റിംഗ് ഹബ്ബിലെ താഴെപ്പറയുന്ന പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ നിർവ്വഹിക്കുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങൾ, ഏജൻസികൾ, വ്യക്തികൾ എന്നിവരിൽ നിന്നും ഇ–ടെൻഡറുകൾ ക്ഷണിക്കുന്നു.

മാനേജിംഗ് ഡയറക്ടർ
(റ്റിആർസിഎംപിയു ലിമിറ്റഡ്)

## A ***കരാറിന്റെ പൊതു വ്യവസ്ഥകളും ജോലിയുടെ വിവരണവും***

1. കരാറിന്റെ കാലാവധി മൂന്ന് വർഷത്തേക്കായിരിക്കും.
2. തിരുവനന്തപുരം ഡെയറിയിൽ നിന്നും പാൽ/തൈര്/ സംഭാരം എന്നിവ എല്ലാ ദിവസവും നെടുമങ്ങാട് മാർക്കറ്റിംഗ് ഹബ്ബിലേയ്ക്ക് കൊണ്ട് പോകുന്നതിനും, മാർക്കറ്റിംഗ് ഹബ്ബിന്റെ എല്ലാവിധ ദൈനംദിന പ്രവർത്തനങ്ങൾ നടത്തേണ്ടതിനും, പാൽ/പാൽ ഉൽപ്പന്നങ്ങൾ എന്നിവ ഹബ്ബിൽ നിന്നും ഏജന്റുമാർ, ഹോൾസെയിലേഴ്സ്, ഡിസ്ട്രിബ്യൂട്ടേഴ്സ്, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിതരണം നടത്തുന്നതിനുമാണ് കരാർ നൽകുന്നത്.
3. നെടുമങ്ങാട് മാർക്കറ്റിംഗ് ഹബ്ബിൽ നിന്നും പ്രതിദിനം വിതരണത്തിനാവശ്യമായ പാൽ, തൈര്, സംഭാരം എന്നിവ (പാൽ ഉദ്ദേശം 23000 ലിറ്റർ , തൈര് ഉദ്ദേശം 4000 കിലോ ,സംഭാരം ഉദ്ദേശം 1000 ലിറ്റർ). തിരുവനന്തപുരം ഡെയറിയിൽ നിന്നും ദിവസേന നെടുമങ്ങാട് ഹബ്ബിൽ എത്തിച്ച് വിതരണം നടത്തുന്നതിനുള്ള വാഹന ക്രമീകരണം കോൺട്രാക്ടർ സ്വന്തം നിലയിൽ ഏർപ്പാടാക്കേണ്ടതാണ്.
4. കരാർ ലഭിക്കുന്ന സ്ഥാപനം, ഏജൻസി, വ്യക്തി കരാർ ലഭിച്ച് 21 ദിവസത്തിനകം ജി.എസ്.ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.
5. ടെൻഡറിൽ പങ്കെടുക്കുന്നവർ ഹബ്ബിൽ പാൽ, തൈര്, സംഭാരം എന്നിവ കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും വേണ്ടിവരുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പടെയുള്ള പ്രതിലിറ്റർ നിരക്കും പാൽ, തൈര്, സംഭാരം എന്നിവ ഒഴികേയുള്ള മറ്റ് ഉൽപ്പന്നങ്ങൾ ഹബ്ബിൽ കൈകാര്യം ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും വേണ്ടിവരുന്ന ട്രാൻസ്പോർട്ടേഷൻ ചാർജ് ഉൾപ്പടെയുള്ള പ്രതി ലിറ്റർ/കിലോഗ്രാം നിരക്കും പ്രത്യേകം പ്രത്യേകം ക്വോട്ട് ചെയ്യേണ്ടതാണ്.

B നെടുമങ്ങാട് ഹബ്ബിൽ നിന്നും പാൽ/തൈര്/സംഭാരം എന്നിവ വിതരണം ചെയ്യുന്നതിലേക്ക് ആവശ്യമായിവരുന്ന റൂട്ടുകളുടെയും ടി റൂട്ടുകളിൽ വിതരണം ചെയ്യപ്പെടുന്ന പാൽ/തൈര്/സംഭാരം എന്നിവയുടെയും വിവരണം

| ക്രമ നമ്പർ | റൂട്ടിന്റെ പേര് | ദിവസേന ഓടേണ്ട ട്രിപ്പുകളുടെ എണ്ണം | പ്രതിദിനം ആകെ ഓടേണ്ട ഏകദേശ ദൂരം | ഓരോ ട്രിപ്പിലും കൊണ്ടുപോകേണ്ട മിനിമം ട്രേകളുടെ എണ്ണം | പ്രരംഭ പ്രതിദിന വിൽപന (ലിറ്ററിൽ) |
|---|---|---|---|---|---|
| 1 | വി എസ് എസ് സി | 1 | 70 | 270 ISI trays 3510 LPD | Approx. sales/day will be 28000 ltrs apprx. which is inclusive of curd and sambharam sales |
| 2 | നെടുമങ്ങാട് | 1+1 | 77 | 270 ISI trays 3510 LPD | |
| 3 | പാലോട് | 1 | 75 | 400 ISI trays 5200 LPD | |
| 4 | അരുവിക്കര | 1 | 36 | 400 ISI trays 5200 LPD | |

1. ടി റൂട്ടുകളിൽ ഇൻസുലേറ്റഡ് മേൽമോടിയുള്ളതും, നിശ്ചിത മിനിമം ട്രേകൾ കയറ്റുന്നതിന് കപ്പാസിറ്റിയുള്ളതുമായ വാഹനമാണ് ഉപയോഗിക്കേണ്ടത്.
2. 2017-നോ അതിനു ശേഷമോ രജിസ്റ്റർ ചെയ്ത വാഹനം മാത്രമേ ടി റൂട്ടുകളിൽ അനുവദിക്കുകയുള്ളൂ.
3. ഡെയറിയിൽ നിന്നും മറിച്ച് അറിയിക്കാത്ത പക്ഷം പാൽ, സംഭാരം, തൈര് ഇവയുടെ അളവ് പരിഗണിക്കാതെ തന്നെ ഹർത്താൽ, പൊതു പണിമുടക്ക് എന്നിവയുൾപ്പെടെയുള്ള എല്ലാ ദിവസവും നിർദ്ദിഷ്ട റൂട്ടുകളിൽ പാൽ വിതരണം നടത്താൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
4. മിൽമയുടെ പാലും, പാൽ ഉൽപ്പന്നങ്ങളും മാത്രമേ കരാറുകാരൻ സ്വന്തം/കരാർ വാഹനത്തിലൂടെ വിൽപ്പന/ വിതരണം നടത്താൻ പാടുള്ളൂ.
5. യൂണിയന്റെ വിവേചനാധികാരം ഉപയോഗിച്ച് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മാനദണ്ഡപ്രകാരം ഏജന്റുമാർക്ക് നൽകുന്നതിനായി ലീക്ക് റീപ്ലേസ്മെന്റ് അനുവദിക്കുന്നതാണ്. ഇതു സംബന്ധിച്ച് കാലാകാലങ്ങളിൽ ഡെയറി നൽകുന്ന നിർദ്ദേശം പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
6. കാലാകാലങ്ങളിലുള്ള ഡീസൽ വില വ്യത്യാസത്തിന് അനുപാതികമായി ടെണ്ടർ വ്യവസ്ഥ പ്രകാരം സ്പേഷ്യൽ ചാർജ്ജ് അനുവദിക്കുന്നതാണ്. ആയത് ടെണ്ടർ നൽകുന്ന സമയത്തുള്ള റൂട്ടുകളുടെ വേരിഫൈഡ് കിലോമീറ്ററുടെ അടിസ്ഥാനത്തിലും വാഹനങ്ങളുടെ മൈലേജ് അടിസ്ഥാനത്തിലുമായിരിക്കും നിജപ്പെടുത്തുക.
7. ഹബ്ബിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പാലിന്റെ വിൽപ്പന വർദ്ധിക്കുന്ന മുറയ്ക്ക് പാൽ വിതരണം നടത്തുന്നതിനായി ആവശ്യമുള്ള പക്ഷം അധിക ട്രിപ്പുകൾ നടത്തുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

## C കരാറിന്റെ മറ്റ് വ്യവസ്ഥകളും ജോലിയുടെ വിവരണവും

1. നെടുമങ്ങാട് റൂറൽ അഗ്രികൾച്ചർ ഹോൾസെയിൽ മാർക്കറ്റിൽ സ്ഥാപിച്ചിട്ടുള്ള മാർക്കറ്റിംഗ് ഹബ്ബിലെ ശീതീകരണിയിൽ ഡെയറികളിൽ നിന്നും ഇൻസുലേറ്റഡ് വാഹനത്തിൽ ട്രേകളിൽ നിറച്ച് കൊണ്ടു വരുന്ന പാൽ, തൈര്, സംഭാരം തുടങ്ങിയ മിൽമാ ഉൽപ്പന്നങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി ഹബ്ബിന്റെ ഡോക്കിൽ നിന്നും ട്രോളികളിൽ കൊണ്ടുപോയി അട്ടി വയ്ക്കേണ്ടതാണ്.
2. മാർക്കറ്റിംഗ് ഹബ്ബിന്റെ പ്രവർത്തന പരിധിയിലുള്ള പ്രദേശങ്ങളിൽ ടി ഉൽപ്പന്നങ്ങൾ വിവിധ പാൽ വിതരണ വാഹനങ്ങളിലായി നിർദ്ദിഷ്ട സമയങ്ങളിൽ ലോഡ് ചെയ്ത് അയയ്ക്കേണ്ടതാണ്. ഇതിനായി കോൾഡ് റൂമിൽ നിന്നും ട്രോളികളിൽ പാൽ ഇറക്കി വാഹനത്തിൽ അട്ടിവയ്ക്കുന്നതിന് അനുയോജ്യമായ രീതിയിൽ എത്തിച്ചു നൽകേണ്ടതാണ്.
3. ശീതീകരണിയിൽ സൂക്ഷിക്കുന്ന പാലിന്റെയും ഉൽപ്പന്നങ്ങളുടെയും കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും ഇത് സംബന്ധിച്ച സ്റ്റോക്ക് സ്റ്റേറ്റ്മെന്റ് ദിവസേന തയ്യാറാക്കി നൽകേണ്ടതുമാണ്.
4. വിതരണ വാഹനങ്ങളിലൂടെ ഏജന്റ്മാരിൽ നിന്നും ദിവസേന സ്വീകരിക്കുന്ന പാലിന്റേയും ഉൽപ്പന്നങ്ങളുടെയും പണം എണ്ണി തിട്ടപ്പെടുത്തി അതാത് ദിവസം തന്നെ ബാങ്കിൽ അടച്ച് ആയതിന്റെ രസീത് തിരുവനന്തപുരം ഡെയറിയിൽ ഏൽപ്പിക്കേണ്ടതാണ്.
5. പ്രവൃത്തി ദിവസങ്ങളിലും ബാങ്ക് അവധി ദിവസങ്ങളിലും ഇപ്രകാരം എണ്ണിതിട്ടപ്പെടുത്തുന്ന പണം ബാങ്കിൽ അടയ്ക്കുന്നത് വരെ ക്യാഷ് ചെസ്റ്റിൽ കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കേണ്ടതാണ്. ബാങ്ക് അവധി ദിവസങ്ങളിൽ ശേഖരിക്കുന്ന പണം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ തന്നെ ബാങ്കിൽ അടച്ച് രസീത് വാങ്ങേണ്ടതാണ്.
6. ഏജന്റ്മാരിൽ നിന്നും ശേഖരിക്കുന്ന പാലിന്റേയും ഉൽപ്പന്നങ്ങളുടെയും ബുക്കിംഗ് സംബന്ധിച്ച വിവരങ്ങൾ എല്ലാദിവസവും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി തിരുവനന്ത പുരം ഡെയറി ആവശ്യപ്പെടുന്ന വിവിധ റിപ്പോർട്ടുകളും സ്റ്റേറ്റ്മെന്റുകളും വിതരണ വാഹനങ്ങളിൽ തിരുവനന്തപുരം ഡെയറിയിലേക്ക് അയയ്ക്കേണ്ടതാണ് പാലിന്റെയും ഉൽപ്പന്നങ്ങളുടെയും വിവരം സംബന്ധിച്ച ഡെസ്പാച്ച് ഷീറ്റുകളും അനുബന്ധ രേഖകളും/റിപ്പോർട്ടുകളും യൂണിയൻ നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ തയ്യാറാക്കി നൽക്കേണ്ടതാണ്.
7. ബുക്കിംഗ് സംബന്ധിച്ച വിവരങ്ങൾ കമ്പ്യൂട്ടറിൽ തെറ്റായി രേഖപ്പെടുത്തുകയോ, ഏതെങ്കിലും ബുക്കിംഗ് വിവരങ്ങൾ രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്നതു വഴി ഏജന്റിനോ യൂണിയനോ ഉണ്ടാകുന്ന നഷ്ടം കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതാണ്.
8. മാർക്കറ്റിംഗ് ഹബ്ബിൽ നേരിട്ട് വരുന്ന ഏജന്റുമാരിൽ നിന്നും പാലിന്റെ ബുക്കിംഗും പണവും സ്വീകരിച്ച് മേൽപ്പറഞ്ഞപ്രകാരം കമ്പ്യൂട്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.
9. വിതരണ വാഹനങ്ങളിൽ ബില്ലിംഗ് മെഷീൻ വഴി ഏജന്റുമാരിൽ നിന്നും ശേഖരിക്കുന്ന ബുക്കിംഗും ആയതിന്റെ പണവും സ്വീകരിക്കുകയും ബുക്കിംഗ് വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.
10. ടെലിഫോണിലൂടെ വരുന്ന പാലിന്റെയും, ഉൽപ്പന്നങ്ങളുടെയും ഓർഡർ, ഓർഡർ കുറവ് ചെയ്യാനുള്ള അറിയിപ്പ് എന്നിവ രജിസ്റ്ററിൽ എഴുതുകയും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

11. ഏജന്റുമാരിൽ നിന്നും സ്വീകരിക്കുന്ന ബുക്കിംഗ് ഏജൻസി കോഡിലും കോൺട്രാക്ടർക്ക് നേരിട്ട് ലഭിക്കുന്ന ബുക്കിംഗ് കോൺട്രാക്ടറുടെ കോഡിലും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തേണ്ടതാണ്.
12. ഏജൻസി നിരക്കിലാണ് കരാറുകാരൻ പാലിന്റെ വില ഡെയറിയിൽ അടയ്ക്കേണ്ടത്.
13. പണം സ്വീകരിക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതും, കള്ള നോട്ടുകൾ ഒഴിവാക്കി പണം സ്വീകരിക്കേണ്ടതും കോൺട്രാക്ടറുടെ ഉത്തരവാദിത്തമാണ്.
14. ഓരോ ദിവസവും ശേഖരിക്കുന്ന പണവും, ബുക്കിംഗ് സംബന്ധിച്ച വിവരങ്ങളും തമ്മിൽ തുല്യത പുലർത്തേണ്ടതാണ്.
15. ഓരോ ബാങ്ക് പ്രവൃത്തി ദിവസവും ശേഖരിക്കുന്ന പണം അതാത് ദിവസങ്ങളിലും, ബാങ്ക് അവധി ദിനങ്ങളിൽ ശേഖരിക്കുന്ന പണം തൊട്ടടുത്ത ബാങ്ക് പ്രവൃത്തി ദിവസങ്ങളിലും അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ഹബ് കോൺട്രാക്ടറിൽ നിന്നും 18 % പലിശ ഈടാക്കുന്നതാണ്.
16. മനഃപൂർവ്വമായി പണം ബാങ്കിൽ അടയ്ക്കാതെ ക്യാഷ് ബാലൻസ് കൈയിൽ സൂക്ഷിക്കുന്നതായി കാണുന്ന പക്ഷം കോൺട്രാക്ട് തുടരുന്ന കാര്യം പുനഃ പരിശോധിക്കുന്നതും ടി വീഴ്ചയുടെ പേരിൽ ഉചിതമായ മേൽ നടപടികൾ സ്വീകരിക്കുന്നതുമാണ്.
17. പണം ശേഖരിക്കുന്നതിനും, സൂക്ഷിക്കുന്നതിനും ആവശ്യമായ ഇൻഷുറൻസ് എടുക്കേണ്ടത് കോൺട്രാക്ടറുടെ ഉത്തരവാദിത്തമാണ്.
18. വിതരണ വാഹനങ്ങളിൽ അയയ്ക്കുന്ന പാലിന്റെയും, ഉൽപ്പന്നങ്ങളുടെയും, ട്രേകളുടെയും കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്.
19. വിതരണ വാഹനങ്ങളിൽ നിന്നും തിരികെ കൊണ്ടു വരുന്ന ട്രേകളുടെ കണക്കും കൃത്യമായി സൂക്ഷിക്കേണ്ടതും, ഓരോ പതിനഞ്ച് ദിവസം കൂടുമ്പോഴും റൂട്ടുകളിൽ കുറവുള്ള ട്രേകളുടെ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഹബ്ബ് ഇൻ ചാർജ്ജിന് നൽകേണ്ടതുമാണ്.
20. ഡെയറിയിൽ നിന്നും മാർക്കറ്റിംഗ് ഹബ്ബിലേയ്ക്ക് പാൽ കൊണ്ടു വരുന്ന വാഹനത്തിലെ ട്രേകളുടെ കണക്കും ഡെയറിയിലേയ്ക്ക് തിരിച്ചയയ്ക്കുന്ന ട്രേകളുടെ കണക്കും കൃത്യമായി രജിസ്റ്ററിൽ എഴുതി ആയതിന്റെ സ്റ്റേറ്റ്മെന്റും ഓരോ പതിനഞ്ച് ദിവസം കൂടുമ്പോഴും തയ്യാറാക്കി നൽകേണ്ടതാണ്.
21. ഡെയറിയിൽ നിന്നും പാൽ വിതരണത്തിനായി ഹബ്ബിൽ എത്തിച്ചിട്ടുള്ള ട്രേകൾ ഡെയറിയിലേക്ക് തിരിച്ചുനൽകുമ്പോൾ ട്രേകളുടെ എണ്ണത്തിൽ കുറവുണ്ടായാൽ ആയതിന്റെ വില തൊട്ടടുത്ത മാസത്തെ കരാറുകാരന്റെ ബില്ലിൽ കുറവ് ചെയ്യുന്ന താണ്.
22. മാർക്കറ്റിംഗ് ഹബ്ബിൽ കൊണ്ടുവരുന്ന പാലിന്റെ സ്റ്റോക്കും വിതരണ വാഹനങ്ങളിൽ അയച്ച ശേഷമുള്ള സ്റ്റോക്കും സംബന്ധിച്ച കൃത്യമായ കണക്കുകൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. സ്റ്റോക്കിൽ കുറവു വരുന്ന പക്ഷം ആയതിന്റെ വില കോൺട്രാക്ടറിൽ നിന്നും ഈടാക്കുന്നതായിരിക്കും.
23. വിതരണ വാഹനങ്ങളിൽ നിന്നും അവിചാരിതമായ സാഹചര്യങ്ങളിൽ പാൽ തിരികെ വരുന്ന പക്ഷം ആയത് ഉടൻ തന്നെ എണ്ണിത്തിട്ടപ്പെടുത്തി ഫ്രീസറിൽ സൂക്ഷിക്കേണ്ടതും തിരികെ ഡെയറിയിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്. ഫ്രീസർ ശരിയായി പ്രവർത്തിക്കുന്നുണ്ടെന്നു കോൺട്രാക്റ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഫ്രീസർ വൃത്തിയായി സൂക്ഷിക്കാൻ കോൺട്രാക്റ്റർ ബാദ്ധ്യസ്ഥനാണ്.
24. പാൽ, തൈര്, സംഭാരം എന്നിവ ഒഴികെയുള്ള മിൽമാ ഉൽപ്പന്നങ്ങൾ കാലാകാലങ്ങളിൽ നിലവിലുള്ള ഹോൾസെയിൽ നിരക്കിൽ കോൺട്രാക്ടർ മുൻകൂർ പണം അടച്ച് വാങ്ങേണ്ടതും, ഹബ്ബുമായി ബന്ധപ്പെടുത്തിയിട്ടുള്ള

ഹോൾസെയിൽ ഏജന്റുമാർക്ക് ഹോൾസെയിൽ നിരക്കിലും മറ്റ് ഏജന്റുമാർക്ക് റീട്ടെയിൽ നിരക്കിലും ഉൽപ്പന്നങ്ങൾ നൽകേണ്ടതാണ്. ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഫ്രീസർ യൂണിയൻ നൽകുന്നതായിരിക്കും.

25. വിതരണ വാഹനങ്ങളിൽ നിന്നും കൊണ്ടുവരുന്ന ഒഴിഞ്ഞ ട്രേകൾ എണ്ണമെടുത്ത ശേഷം ഹബ്ബിലെ നിർദ്ദിഷ്ട സ്ഥലത്ത് എത്തിച്ച് കഴുകി അട്ടിവയ്ക്കേണ്ടതും തിരികെ ഡെയറിയിലേയ്ക്ക് വാഹനത്തിൽ കയറ്റി അയക്കേണ്ടതുമാണ്.

26. ഹബ്ബിലെ കോൾഡ് സ്റ്റോറിന്റെ പ്രവർത്തനം കുറ്റമറ്റരീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, ജനറേറ്റർ ആവശ്യമെങ്കിൽ പ്രവർത്തിപ്പിക്കേണ്ടതും കോൺട്രാക്ടറുടെ ഉത്തരവാദിത്തമാണ്. കോൾഡ് സ്റ്റോറിന്റെ ഊഷ്മാവ് സംബന്ധിച്ച വിവരവും ജനറേറ്റർ ഓടിക്കുന്നതും, ഇന്ധനത്തിന്റെ ഉപഭോഗവും സംബന്ധിച്ച വിവരങ്ങളും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. കോൾഡ് സ്റ്റോറിന്റേയോ, ജനറേറ്ററിന്റേയോ പ്രവർത്തനത്തിൽ തകരാറുണ്ടാകുന്ന പക്ഷം ആയതിന്റെ സർവ്വീസ് കോൺട്രാക്ടറെ അടിയന്തിരമായി അറിയിക്കേണ്ടതും വിവരം ഹബ്ബ് ഇൻചാർജ്ജിന് ഉടനടി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ആവശ്യത്തിന് ഇന്ധനം പമ്പിൽ നിന്നും കൊണ്ടു വന്ന് ഹബ്ബിൽ സ്റ്റോക്കുചെയ്തു സൂക്ഷിക്കേണ്ട ഉത്തരവാദിത്വം കോൺട്രാക്റ്ററിൽ നിക്ഷിപ്തമാണ്. ഈയിനത്തിലുള്ള വാഹന വാടക, ഇന്ധന വില എന്നിവ യൂണിയൻ വഹിക്കുന്നതാണ്.

27. പാലിന്റെ ബുക്കിംഗ് സ്വീകരിക്കുക, റിപ്പോർട്ട് തയ്യാറാക്കുക, ഡെസ്പാച്ച് ഷീറ്റ് തയ്യാറാക്കൽ എന്നീ ജോലികൾക്കു നിയോഗിക്കുന്ന കരാറുക്കാരന്റെ ജീവന ക്കാർക്ക് വർക്ക് ആവശ്യമായ പരിശീലനം നേടുന്നതിന് യൂണിയൻ സൗകര്യമുണ്ടാക്കുന്നതാണ്.

28. ഹബ്ബിലെ വിവിധ ജോലികൾ നിർവ്വഹിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ, ക്ലീനിംഗ് മെറ്റീരിയൽസ്, കമ്പ്യൂട്ടർ, മേശ, കസേര, സ്റ്റേഷനറി മെറ്റീരിയൽസ്, ക്യാഷ് ചെസ്റ്റ് മുതലായവ യൂണിയൻ നൽകുന്നതായിരിക്കും.

29. ഒരേ സമയം പരമാവധി മൂന്ന് വാഹനങ്ങളിൽ പാൽ ലോഡ് ചെയ്യുന്നതിന് ആവശ്യമായ ജോലിക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതാണ്. പാലിന്റെ പണം സ്വീകരിക്കുന്നതിനും ബുക്കിംഗ് റിപ്പോർട്ട്, ഡെസ്പാച്ച് ഷീറ്റ് എന്നിവ ആവശ്യപ്പെടുന്ന സമയത്ത് തയ്യാറാക്കുന്നതിനും പ്രാപ്തരായ ആൾക്കാരെയും കോൺട്രാക്ടർ നിയോഗിക്കേണ്ടതാണ്. കോൾഡ് റൂം ഉൾപ്പെടെയുള്ള ഹബ്ബിന്റെ ഉൾഭാഗം, ഡെസ്പാച്ച് ഡോക്ക് എന്നിവ ഓരോ ഷിഫ്റ്റിലും വെള്ളം ഒഴിച്ച് കഴുകുന്നതുൾപ്പെടെ ഉള്ള ക്ലീനിംഗ് ജോലികൾക്കും ആൾക്കാരെ കരാറുകാരൻ നിയോഗിക്കേണ്ടതാണ്. കൂടാതെ 24 മണിക്കൂറും കോൾഡ് സ്റ്റോറിന്റെയും, ജനറേറ്ററിന്റേയും പ്രവർത്തനം ശരിയായി നടക്കുന്നുണ്ടെന്നു ഉറപ്പാക്കുന്നതിനും ആകെ ജോലികൾ ഏകോപിപ്പിച്ചു നിർവ്വഹിക്കുന്നതിനും ആവശ്യമായ ജീവനക്കാരെ കോൺട്രാക്ടർ നിയോഗിക്കേണ്ടതാണ്.

30. സെക്യൂരിറ്റി ഡെപ്പോസിറ്റായി മുപ്പത് ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരന്റീയോ അല്ലെങ്കിൽ സ്ഥിരനിക്ഷേപം യൂണിയന്റെ പേരിൽ മാറത്തക്കവിധം നൽകുകയോ ചെയ്യേണ്ടതാണ്.

31. കോൺട്രാക്ടർ നിയോഗിക്കുന്ന തൊഴിലാളികൾക്ക് യൂണിയനിൽ യാതൊരുവിധ തൊഴിലുടമ തൊഴിലാളി ബന്ധം ഉണ്ടായിരിക്കുന്നതല്ല. ഈ തൊഴിലാളികളുടെ ഇ.എസ്.ഐ, ഇ.പി.എഫ് തൊഴിൽ നിയമം അനുശാസിക്കുന്ന ഇതര രജിസ്ട്രേഷൻ എന്നിവ കോൺട്രാക്ടർ സ്വന്തം ഉത്തരവാദിത്തത്തിൽ എടുക്കേണ്ടതും ഇ.എസ്.ഐ, ഇ.പി.എഫ് വിഹിതം അടച്ചതിന്റെ രസീത് ഓരോ മാസവും ഹബ്ബ് ഇൻചാർജ്ജിനെ ഏൽപ്പിക്കേണ്ടതുമാണ്. കൂടാതെ മിനിമം വേജസ് ആക്ട് പ്രകാരം കാലാകാലങ്ങളിൽ അനുശാസിക്കുന്ന വേതനം, ബോണസ് ഇതര

ആനുകൂല്യങ്ങൾ എന്നിവ ജീവനക്കാർക്ക് നൽകേണ്ടത് കോൺട്രാക്ടറുടെ ഉത്തരവാദിത്വമായിരിക്കും. ഇത് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കേണ്ട ഉത്തരവാദിത്വവും കോൺട്രാക്ടറിൽ നിക്ഷിപ്തമാണ്.

32. മിനിമം വേജസ് ആക്ട് പ്രകാരം കാലാകാലങ്ങളിൽ അനുശാസിക്കുന്ന വേതനം, ഇതര ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| തസ്തിക | പ്രതിമാസ വേതനം | ക്ഷാമബത്ത(105*26) Over and above points exceeding 300(405) | പ്രതിമാസ വേതനം+ ക്ഷാമബത്ത | കരാറുകാരൻ ഇപിഎഫ്/ ഇഎസ്എ ലേയ്ക്ക് പ്രതിമാസം അടക്കേണ്ട വിഹിതം | | ആകെ തുക |
|---|---|---|---|---|---|---|
| | | | | ഇപിഎഫ് (12%) | ഇഎസ്എ (3.25%) | |
| പ്ലാന്റ് വർക്കർ | 12,650.00 രൂപ | 2,730.00 രൂപ | 15,380.00 രൂപ | 1846.00 രൂപ | 500.00 രൂപ | 17,726.00 രൂപ (ജിഎസ്റ്റി ഇല്ലാതെ) |
| മെഷീൻ ഓപ്പറേറ്റർ | 13,130.00 രൂപ | 2,730.00 രൂപ | 15,860.00 രൂപ | 1,903.00 രൂപ | 515.00 രൂപ | 18,278.00 രൂപ (ജിഎസ്റ്റി ഇല്ലാതെ) |
| സൂപ്പർവൈസർ | 13,975.00 രൂപ | 2,730.00 രൂപ | 16,705.00 രൂപ | 2005.00 രൂപ | 543.00 രൂപ | 19,253.00 രൂപ (ജിഎസ്റ്റി ഇല്ലാതെ) |

33. ടി തൊഴിലാളികൾ ഹബ്ബ് ഇൻചാർജിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് ജോലികൾ നിർവ്വഹിക്കേണ്ടതാണ്. അച്ചടക്കത്തിന് ഹാനികരമായ പ്രവർത്തികൾ ചെയ്യുന്ന ജീവനക്കാരെ മാറ്റി പകരം ആൾക്കാരെ തിരുവനന്തപുരം ഡെയറിയുടെ നിർദ്ദേശാനുസരണം കോൺട്രാക്റ്റർ നിയോഗിക്കേണ്ടതാണ്.
34. ഹബ്ബിലെ വിവിധ ജോലികൾക്ക് കോൺട്രാക്ടർ നിയോഗിക്കുന്ന ജീവനക്കാരുടെ പ്രവർത്തനം ഏകോപിപ്പിച്ചു നടത്തുന്നതിനും യൂണിയൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും വേണ്ടി ഒരു സൂപ്പർ വൈസറെ ഹബ്ബിന്റെ പ്രവർത്തന സമയത്തുടനീളം കരാറുകാരൻ നിയോഗിക്കേണ്ടതാണ്.
35. കോൺട്രാക്ടർ നിയോഗിക്കുന്ന ജീവനക്കാർക്ക് വർഷം തോറും യൂണിയൻ നിർദ്ദേശിക്കുന്ന ആശുപത്രിയിൽ മെഡിക്കൽ പരിശോധന കോൺട്രാക്ടറുടെ ചിലവിൽ നടത്തേണ്ടതും പരിശോധനാ റിപ്പോർട്ട് ഹബ്ബ് ഇൻചാർജ്ജിനെ ഏൽപ്പിക്കേണ്ടതുമാണ്.
36. കോൺട്രാക്ടർ നിയോഗിക്കുന്ന ജീവനക്കാർക്ക് യൂണിയൻ നിശ്ചയിക്കുന്ന തരം യൂണിഫോം കരാറുകാരൻ സ്വന്തം ചെലവിൽ ആവശ്യാനുസരണം നൽകേണ്ടതാണ്. ജീവനക്കാർ വൃത്തിയായി യൂണിഫോം ധരിക്കുന്നുവെന്ന് കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്.
37. കോൺട്രാക്ടറുടെ ജീവനക്കാർക്ക് ആവശ്യമെങ്കിൽ താമസ സൗകര്യം കോൺട്രാക്ടറുടെ ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പാട് ചെയ്യേണ്ടതാണ്.

38. കൃത്യനിർവ്വഹണത്തിനിടയിൽ എന്തെങ്കിലും അപകടം സംഭവിക്കുന്ന പക്ഷം വർക്ക്മെൻസ് കോംപൻസേഷൻ ആക്ട് അനുശാസിക്കുന്ന ഇൻഷ്വറൻസ് സംരക്ഷണം സ്വന്തം ചെലവിൽ ജീവനക്കാർക്ക് നൽകാൻ കോൺട്രാക്ടർ ബാദ്ധ്യസ്ഥനാണ്.
39. കോൺട്രാക്ടർ കരാർ വ്യവസ്ഥകൾ ലംഘിക്കുകയോ, തൃപ്തികരമായി നിർവ്വഹിക്കാതിരിക്കുകയോ, യൂണിയന്റെ നയപരമായ തീരുമാനങ്ങൾ അനുസരിച്ച് കരാർ അവസാനിപ്പിക്കേണ്ടതായോ വരുന്ന പക്ഷം മൂന്നു മാസത്തെ മുൻകൂർ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിന് ഉള്ള അധികാരം തിരുവനന്തപുരം മേഖല യൂണിയനിൽ നിക്ഷിപിതമാണ്.
40. സാമ്പത്തിക ക്രമക്കേടുകൾ, സ്റ്റോക്കിലെ തിരിമറികൾ തുടങ്ങിയ ഗുരുതരമായ ക്രമക്കേടുകൾ, അച്ചടക്കരാഹിത്യം എന്നിവ കോൺട്രാക്ടറുടെയോ, കോൺട്രാക്ടറുടെ ജീവനക്കാരുടെയോ ഭാഗത്തു നിന്നും ഉണ്ടാകുന്ന പക്ഷം മുൻകൂർ നോട്ടീസ് ഇല്ലാതെ തന്നെ കരാർ റദ്ദു ചെയ്യുന്നതിനുള്ള അധികാരം തിരുവനന്തപുരം മേഖല യൂണിയനിൽ നിക്ഷിപ്തമാണ്.
41. കോൺട്രാക്ടർക്ക് ഏതെങ്കിലും മതിയായ കാരണങ്ങളാൽ കരാറിൽ നിന്നും പിൻവാങ്ങണമെങ്കിൽ മൂന്നു മാസത്തെ മുൻകൂർ നോട്ടീസ് നൽകി നോട്ടീസ് കാലാവധിക്ക് ശേഷം കോൺട്രാക്ട് അവസാനിപ്പിക്കാവുന്നതാണ്. ഇപ്രകാരം കരാറിൽ നിന്നും പിൻവാങ്ങുന്ന കോൺട്രാക്ടറെ തിരുവനന്തപുരം മേഖല യൂണിയനിൽ ഭാവിയിൽ ഉണ്ടാകുന്ന മറ്റൊരു കരാറുകളിലും പരിഗണിക്കുന്നതല്ല.
42. കരാർ സംബന്ധിച്ച തർക്കങ്ങളിൽ കേരള സംസ്ഥാന സഹകരണ രജിസ്ട്രാർ ആർബിട്രേറ്റർ ആയിരിക്കുന്നതും, നിലവിലുള്ള സംസ്ഥാന സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി തിരുവനന്തപുരത്തുള്ള കോടതികളിൽ തർക്കങ്ങളിൽ തീർപ്പുകൽപ്പിക്കുന്നതുമായിരിക്കും.
43. 28000 ലിറ്ററിൽ കൂടുതലായി പ്രതിദിനം വിതരണം ചെയ്യുന്ന ഓരോ ലിറ്റർ പാൽ, തൈര്, സംഭാരം എന്നീ ഉൽപ്പന്നങ്ങൾക്ക് ടെണ്ടർ നിരക്കിനു പുറമെ താഴെ പറയുന്ന ഇൻസെന്റീവ് നൽകുന്നതാണ്.

| കോൺട്രാക്രറ്റ് കാലാവധി | 28000 കിലോഗ്രം/ലിറ്ററിന് മുകളിലായി കൈകാര്യം ചെയ്യുന്ന ഉൽപ്പന്നങ്ങൾക്ക് നൽകുന്ന ഇൻസെന്റീവ് തുക |
|---|---|
| ഒന്നാം വർഷം | 0.05 രൂപ (5 പൈസ)/കിലോ ഗ്രാം/ലിറ്റർ (ജിഎസ്ടി ഉൾപ്പെടെ) |
| രണ്ട്, മൂന്ന് വർഷങ്ങൾ | 0.04 രൂപ (4 പൈസ)/കിലോ ഗ്രാം/ലിറ്റർ (ജിഎസ്ടി ഉൾപ്പെടെ) |

44. കരാർ കാലയളവിൽ കരാർ വ്യവസ്ഥകളിൽ ഉൾപ്പെട്ട ജോലികൾ എല്ലാം നിർവ്വഹിക്കുന്നതിന് ടി നിരക്കിൽ ലഭിക്കുന്ന കരാർ തുകയ്ക്കും ഇൻസെന്റീവിനും പുറമെ യാതൊരു ആനുകൂല്യവും കോൺട്രാക്ടർക്ക് ലഭിക്കുന്നതല്ല.
45. കരാർ തുക കോൺട്രാക്ടർക്ക് ഓരോ മാസവും നൽകുന്നതാണ്. ഒരു മാസത്തെ കരാർ തുക ബിൽ സമർപ്പിക്കുന്ന മുറയ്ക്ക് പിറ്റേ മാസം 10ാം തീയതിക്ക് മുൻപായി കോൺട്രാക്ടറുടെ ബാങ്ക് അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.
46. കരാർ തുകയിൽ നിന്നും ബാധകമായ നികുതികളും, ഇതര ചാർജ്ജുകളും ഈടാക്കുന്നതായിരിക്കും.

47. പാൽ, തൈര്, സംഭാരം എന്നിവ ഒഴികെയുള്ള മിൽമാ ഉൽപ്പന്നങ്ങൾ സ്റ്റോക്ക് ചെയ്ത് സൂക്ഷിക്കേണ്ടതും, ഹബ്ബുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഹോൾസെയിൽ ഏജന്റുമാർക്ക് ഹോൾസെയിൽ നിരക്കിലും മറ്റ് ഏജന്റുമാർക്ക് റീട്ടെയിൽ നിരക്കിലും ഇൻവോയ്സ് ചെയ്ത ശേഷം ഉൽപ്പന്നങ്ങൾ നൽകേണ്ടതാണ്. ഈ വ്യവസ്ഥയിൽ കരാറുകാരൻ എന്തെങ്കിലും മാറ്റം വരുത്തിയാൽ കരാറുകാരന് എതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് മേഖല യൂണിയന് അധികാരമുണ്ടായിരിക്കുന്നതാണ്. ഇപ്രകാരം നൽകുന്ന മിൽമ ഉൽപന്നങ്ങളുടെ വില മുൻകൂറായി വാങ്ങേണ്ടതും, പാൽ വില അടക്കുന്നതിനോടൊപ്പം ബാങ്കിൽ അടക്കേണ്ടതുമാണ്. പാൽ വില അടക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഈ കാര്യത്തിലും പാലിക്കപ്പെടേണ്ടതാണ്.
48. ഡെയറിയിൽ നിന്നും സ്റ്റോക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്ന ഉൽപന്നങ്ങളുടെ മേലുള്ള ഉത്തരവാദിത്വം കോൺട്രാക്ടറിൽ നിക്ഷിപ്തമാണ്. ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിനുള്ള ഫ്രീസർ യൂണിയൻ നൽകുന്നതായിരിക്കും.
49. ഓരോ ദിവസവും നടത്തുന്ന വിൽപന സംബന്ധിച്ച് സ്റ്റേറ്റ്മെന്റ്, പണം അടച്ചതിന്റെ വിശദാംശങ്ങൾ എന്നിവ അതാത് ദിവസം തന്നെ തിരുവനന്തപുരം ഡെയറിയിൽ ഇമെയിൽ മുഖാന്തരം അറിയിക്കേണ്ടതാണ്.
50. ഉൽപ്പന്നങ്ങളുടെ കൈകാര്യ ചിലവിനായി ക്വോട്ട് ചെയ്തിട്ടുള്ള നിരക്കിന് പുറമേ താഴെ പറയും പ്രകാരം ഇൻസെന്റീവ് നൽകുന്നതായിരിക്കും.

    പാൽ, തൈര്, സംഭാരം, നെയ്യ് എന്നിവ ഒഴികെയുള്ള മിൽമ ഉൽപ്പന്നങ്ങൾ പ്രതി മാസം 10,000 കിലോഗ്രം/ലിറ്ററിന് മുകളിൽ വിപണനം നടത്തുമ്പോൾ, 10000 കിലോഗ്രം/ലിറ്ററിന് മുകളിൽ പ്രതിമാസം നടത്തിയിട്ടുള്ള വിപണനത്തിന്

| | |
|---|---|
| ഒന്നാം വർഷം | 0.30 രൂപ (30 പൈസ)/കിലോ ഗ്രാം/ലിറ്റർ (ജിഎസ്ടി ഉൾപ്പെടെ) ഇൻസെന്റീവ് നൽകുന്നതായിരിക്കും. |
| രണ്ട്, മൂന്ന് വർഷങ്ങൾ | 0.25 രൂപ (25 പൈസ)/കിലോ ഗ്രാം/ലിറ്റർ (ജിഎസ്ടി ഉൾപ്പെടെ) ഇൻസെന്റീവ് നൽകുന്നതായിരിക്കും. |

***പ്രോഡക്റ്റ്സ് റൂട്ട് നിബന്ധനകൾ***

- ഹബ്ബിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നിലവിൽ മിൽമ ഉൽപ്പന്നങ്ങൾ ലഭിക്കാത്ത കടകളിൽ മിൽമ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് നിബന്ധനകൾ പാലിച്ച് കൊണ്ട് കരാറുകാരന് പ്രോഡക്റ്റ്സ് റൂട്ടുകൾ ആരംഭിക്കാവുന്നതാണ്.
- RD നിരക്കിൽ ആയിരിക്കും ഈ റൂട്ടിൽ ഉൽപ്പന്നങ്ങൾ കരാറുകാരന് നൽകുന്നത്.
- കരാർ ഏറ്റെടുക്കുന്ന ആൾക്ക് ഓരോ ദിവസവും പ്രവർത്തിക്കേണ്ട മേഖല തരംതിരിച്ച് നൽകുന്നതാണ്. കരാറുകാരന് അനുവദിച്ചു നൽകുന്ന ഏരിയായിൽ അംഗീകൃത മൊത്തവിതരണക്കാർ ഉൽപ്പന്നങ്ങൾ നൽകാത്ത എല്ലാ കടകളിലും കരാർ ഏറ്റെടുക്കുന്ന വ്യക്തി മിൽമ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യേണ്ടതാണ്.
- പാൽ, നെയ്യ് എന്നിവ ഒഴികേയുള്ള ഉൽപ്പന്നങ്ങൾക്ക് മാത്രമായി പ്രതിമാസം പാൽ വിൽപ്പനയുടെ 30% വിൽപ്പന ലക്ഷ്യം കൈവരിക്കേണ്ടതാണ്.
- ശീതികരിച്ച ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി 50% സബ്സിഡിയിൽ ഷിപ്പർ ബോക്സ്/ പഫ് ബോക്സ് എന്നിവ നൽകുന്നതാണ്.

- കരാറുകാരൻ വിൽപ്പനയ്ക്കായി കൊണ്ടു പോകുന്ന ഉൽപ്പന്നങ്ങളുടെ വില മുൻകൂറായി അടയ്ക്കേണ്ടതാണ്. ഉൽപ്പന്നങ്ങൾ ക്രഡിറ്റ് വ്യവസ്ഥയിൽ സംഘങ്ങൾക്ക് നൽകുന്ന പക്ഷം ടി തുക സംഘത്തിന്റെ അതാത് മാസത്തിലെ പാൽ വിലയിൽ നിന്നും മൂന്ന് ഗഡുക്കളായി ഈടാക്കുന്നതാണ്.
- കടകളിൽ ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുമ്പോൾ കരാറുകാരൻ ജിഎസ്ടി ബിൽ നൽകേണ്ടതാണ്.

മൊത്തവിതരണക്കാർ, പാർലറുകൾ, ഏജൻസികൾ, അപ്കോസ് സംഘങ്ങൾ എന്നിവർക്ക് ഉൽപ്പന്നങ്ങൾ കരാറുകാരൻ ആവശ്യാനുസരണം ആവശ്യപ്പെടുന്ന സമയത്ത് എത്തിച്ചുനൽക്കേണ്ടതാണ്. ഇപ്രകാരം യഥാസമയം ഉൽപ്പന്നങ്ങൾ എത്തിച്ചുനൽകാത്ത പക്ഷം, പ്രോഡക്ട് ഹബ്ബിന്റെ നടത്തിപ്പിലേക്ക് മറ്റൊരു കരാറുകാരനെ കണ്ടെത്തുന്നതിനുള്ള അധികാരം തിരുവനന്തപുരം മേഖല യൂണിയനിൽ നിക്ഷിപ്തമായിരിക്കും.

<u>ടെൻഡർ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും</u>

1. വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ദർഘാസ് പത്രികയുടെ വില ഇ–ടെണ്ടർ പോർട്ടൽ വഴി ഓൺലൈനായി അടയ്ക്കേണ്ടതാണ്. ദർഘാസ് പത്രികയുടെ വില മടക്കിനൽകുന്നതല്ല.

2. ദർഘാസുകൾ വിഞ്ജാപനത്തിൽ പറഞ്ഞിട്ടുള്ള തീയതിയ്ക്കും സമയത്തിനും മുൻപായി അപ്ലോഡ് ചെയ്യേണ്ടതാണ്. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള കാലാവധി വരെ രേഖപ്പെടുത്തിയ നിരക്ക് നിലനിൽക്കുന്നതായിരിക്കും.

3. ദർഘാസിനൊപ്പം ഒരു ലക്ഷം രൂപ വില ഇ–ടെണ്ടർ പോർട്ടൽ വഴി ഓൺലൈനായി നിരതദ്രവ്യം അടയ്ക്കേണ്ടതാണ്. ചെക്കുകളോ മറ്റ് ധനവിനിമയ രേഖകളോ നിരതദ്രവ്യമായി സ്വീകരിക്കുന്നതല്ല. കരാർലഭിക്കാതെ പോയ ദർഘാസ് സമർപ്പിച്ചവരുടെ നിരതദ്രവ്യം കരാർ ഉറപ്പിച്ചശേഷം മടക്കി നൽകുന്നതും, കരാർ ലഭിച്ച ദർഘാസുകാരന്റെ നിരതദ്രവ്യം, കരാർ അംഗീകരിച്ച കത്ത് ലഭിക്കുന്ന മുറയ്ക്ക് അതിൽ പറയുന്ന പ്രകാരം ആവശ്യമായ സെക്യൂരിറ്റിയും സമ്മതപത്രവും സ്വീകരിച്ചതിന് ശേഷം മടക്കിനൽകുന്നതുമായിരിക്കും. ദർഘാസുകൾ തുറന്ന ശേഷം, കരാർ ലഭിച്ചകരാറുകാരൻ കരാറിൽ നിന്ന് പിൻമാറിയാൽ നിരതദ്രവ്യം കണ്ട്കെട്ടുന്നതായിരിക്കും. നിരതദ്രവ്യത്തിന് യാതൊരുവിധത്തിലുള്ള പലിശയും നൽകുന്നതല്ല.

4. ആവശ്യമുള്ള പക്ഷം, കരാറിന്റെ വ്യവസ്ഥകളും, നിബന്ധനകളും വ്യക്തമാക്കുന്നതിനും വിശദീകരിക്കുന്നതിനും വേണ്ടി കരാറിന് മുമ്പായി ഒരു പ്രീ.ബിഡ് മീറ്റിംഗ് റ്റി.ആർ.സി.എം.പി.യു ഹെഡ്സ് ഓഫീസിൽ വിളിച്ച് ചേർക്കുന്നതായിരിക്കും.

5. കരാർ ലഭിക്കുന്ന മുറയക്ക് ടെൻഡറിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി കരാർ ഏറ്റെടുത്ത് നടത്തിക്കൊള്ളാമെന്ന് സത്യവാങ്മൂലം 200 രൂപ മുദ്രപ്പത്രത്തിൽ ടെൻഡറിനോടൊപ്പം അപ്പ്ലോഡ് ചെയ്യേണ്ടതാണ്. മുദ്രപ്പത്രത്തിൽ എഴുതി ഒപ്പിട്ട സത്യവാങ്മൂലം ദർഘാസിനൊപ്പം അപ്പ്ലോഡ് ചെയ്യാത്ത പക്ഷം ദർഘാസ് തൽക്ഷണം നിരസിക്കുന്നതായിരിക്കും.

6. മൂന്നിൽ കുറയാത്ത ദർഘാസുകൾ ലഭിക്കുന്ന പക്ഷം ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ആളെ മാത്രമേ കൂടി ആലോചനയ്ക്കായി ക്ഷണിക്കുകയുള്ളൂ.

7. കരാറുകാരൻ ടെൻഡർ കാലാവധി പൂർത്തിയാക്കാതെ ടെൻഡറിൽ നിന്ന് പിൻമാറുന്ന പക്ഷം ടിയാന്റെ സെക്യൂരിറ്റി ഡെപ്പോസിറ്റ് യൂണിയനിലേയ്ക്ക് കണ്ടുകെട്ടുന്നതും അയാൾക്കെതിരെ യൂണിയന് യുക്തമെന്ന് തോന്നുന്ന നടപടികൾ സ്വീകരിക്കാവുന്നതുമായിരിക്കും.

8. ഏറ്റവും കുറഞ്ഞ നിരക്കിൽ രേഖപ്പെടുത്തിയ ദർഘാസ്സോ, സമർപ്പിക്കപ്പെട്ടവയിൽ ഏത് ദർഘാസ്സോ ഏകപക്ഷീയമായി നിരസിക്കാനുള്ള അവകാശം മാനേജിംഗ് ഡയറക്ടർ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോല്പ്പാദക യൂണിയൻ ക്ലിപ്തത്തിൽ നിക്ഷിപ്തമാണ്. കരാറിൽ ഏർപ്പെടുന്നയാളിൽ നിന്നും ടി ഹബ്ബുമായി ബന്ധപ്പെട്ട് മറ്റേതെങ്കിലും സേവനം കൂടി മേഖല യൂണിയൻ ആവശ്യപ്പെടുന്ന പക്ഷം അവകൂടി പൂർത്തീകരിക്കാൻ കരാറുകാരന് ഉത്തരവാദിത്വവും, ബാദ്ധ്യതയും ഉള്ളതാകുന്നു.

9. കരാർ അംഗീകരിച്ച് കൊണ്ടുള്ള അറിയിപ്പ് ലഭിച്ചശേഷം, കരാറുകാരൻ കരാർ എഗ്രിമെന്റ് നിശ്ചിതസമയത്തിനുള്ളിൽ സമർപ്പിച്ചാൽ മാത്രമേ കരാർ പൂർത്തിയായതായി കണക്കാക്കുകയുള്ളു. കരാർ ലഭിച്ച കരാറുകാരൻ നിർദ്ദിഷ്ട രൂപത്തിലുള്ള കരാർ എഗ്രിമെന്റ് ഇരുന്നൂറ് രൂപ വിലയുള്ള മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട് നൽകുന്നതോടു കൂടി മാത്രമേ കരാർ ഉടമ്പടി പ്രാബല്യത്തിൽ വരുകയുള്ളൂ. നിശ്ചിത രൂപത്തിലുള്ള കരാർ ഉടമ്പടിയുടെ പകർപ്പ് റ്റി.ആർ.സി.എം.പി.യുവിന്റെ ബന്ധപ്പെട്ട യൂണിറ്റുകളിൽ നിന്ന് ലഭിക്കുന്നതാണ്. കരാറിലേർപ്പെടുന്നതുമായി ബന്ധപ്പെട്ട് വേണ്ടിവരുന്ന മുദ്രപത്രത്തിന്റെ വിലയും വക്കീൽ ഫീസ് അടക്കമുള്ള മറ്റ് ചിലവുകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്. നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ കരാർ ഉടമ്പടിയിലേർപ്പെടുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരനിൽ നിന്നും പിഴ ഈടാക്കുന്നതായിരിക്കും.

A. കരാർ ഏറ്റെടുത്ത ആൾ കരാർ പൂർണ്ണമായി നടപ്പിലാക്കുന്നതിലോ, കാലാവധി പൂർത്തിയാക്കുന്നതിലോ വീഴ്ച വരുത്തുകയോ, യൂണിയന്റെ വസ്തുവകകൾക്ക്, അയാളുടെ പ്രവൃത്തി കാരണം ഏതെങ്കിലും തരത്തിലുള്ള കഷ്ടനഷ്ടങ്ങളുണ്ടാവുകയോ, ഡെയറിയുടെ സുഗമമായപ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തടസ്സം ഉണ്ടാകുകയോ, അന്തസ്സിന് നിരക്കാത്ത പ്രവർത്തനത്തിൽ ഏർപ്പെടുകയോ ചെയ്യുന്ന പക്ഷം മാനേജിംഗ് ഡയറക്ടർക്ക് അദ്ദേഹത്തിന്റെ വിവേചനാധികാരം ഉപയോഗിച്ച് പുതിയ ദർഘാസ് വിളിക്കാനോ/ക്വട്ടേഷൻ സ്വീകരിക്കാനോ, മറ്റൊരാളുമായി ധാരണ ഉണ്ടാക്കാനോ തൊട്ടടുത്ത ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ദർഘാസ് സമർപ്പിച്ച ആളുമായി പുതിയ കരാറിൽ ഏർപ്പെടാനോ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് മേഖല യൂണിയനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ടവരുമായി ചേർന്നോ അല്ലാതെയോ വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്ന് മേഖല യൂണിയന് നഷ്ടപരിഹാരം ഈടാക്കാവുന്നതാണ്.

10. കരാറിന്റെ കാലാവധി കരാർ ആരംഭിച്ച ദിവസം മുതൽ മൂന്ന് വർഷത്തേക്കായിരിക്കും കരാറിന്റെ കാലാവധി. എന്നാൽ ടി കാലയളവിൽ പ്രവർത്തനം തൃപ്തികരമാണെങ്കിൽ കാലാവധി രണ്ടു വർഷത്തേക്കുകൂടി ദീർഘിപ്പിക്കാനുള്ള വിവേചനാധികാരം മേഖല യൂണിയനിൽ നിക്ഷിപ്തമായിരിക്കും.

11. ടെണ്ടറിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയ മായിട്ടാ യിരിക്കും കരാർ പൂർത്തീകരിച്ച് മൂന്ന് മാസങ്ങൾക്ക് ശേഷം സെക്യൂരിറ്റി ഡെപ്പോ സിറ്റ് മടക്കി നൽകുക, എന്നാൽ എന്തെങ്കിലും തർക്കങ്ങൾ യൂണിയനും കരാറുകാര നുമായി നിലനിൽക്കുന്ന പക്ഷം തർക്കം പരിഹരിക്കുന്നതു വരെ സെക്യൂരിറ്റി ഡെപ്പോസിറ്റ് പിടിച്ച് വയ്ക്കാവുന്നതും ഏതെങ്കിലും തരത്തിലുള്ള നഷ്ടമോ, ചില വോ, പിഴയോ,കുടിശ്ശിഖയോ കരാറുകാരനിൽ നിന്ന് ലഭിക്കാനുണ്ടെങ്കിൽ അത് മേൽപറഞ്ഞ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്ന് ഈടാക്കാവുന്നതുമാണ്. അത് പോലെ തന്നെ മേൽ പറഞ്ഞ ബാദ്ധ്യതകൾ കരാറുകാരന് ഏതെങ്കിലും കാലത്ത് യൂണിയൻ നൽകാനുള്ള മറ്റേതെങ്കിലും തുകയിൽ നിന്നു ഈടാക്കാവുന്നതുമാണ്.

12. കരാറുമായി ബന്ധപ്പെട്ട് കരാറുകാരനുമായുള്ള എല്ലാ പണമിടപാടുകളും ഡിമാന്റ് ഡ്രാഫ്റ്റായോ, ബാങ്ക് ട്രാൻസ്ഫറായോ ആയിട്ടായിരിക്കും തിരുവനന്തപുരം മേഖല ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം ചെയ്യുന്നത്.

13. കരാർ കാലയളവിൽ ഠഞഇങജഡ ഘഠഉ നും കരാറുകാരനും വ്യക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ കരാറിൽ നിന്ന് പിൻമാറാവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള പിൻമാറ്റം നിലവിൽ വരണമെങ്കിൽ മുൻകൂറായി മൂന്ന് മാസം മുൻപായി നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് കൈപ്പറ്റിയ ദിവസം മുതലാണ് നോട്ടീസിന്റെ മൂന്ന് മാസ കാലാവധി ആരംഭിക്കുന്നത്. ഏതെങ്കിലും സാഹചര്യ ത്തിൽ മൂന്ന് മാസ നോട്ടീസ് കാലാവധി പൂർത്തീകരിക്കുന്നതിന് മുൻപ് കരാറുകാരൻ കരാറിൽ നിന്ന് പിൻമാറിയാൽ ആയത് കരാറിന്റെ ലംഘനമായി കണക്കാക്കി കരാറുകാരന്റെ സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ട്കെട്ടുന്നതായിരിക്കും. അത്തരത്തിൽ കരാറുകാരൻ കരാറിൽ നിന്ന് സ്വയം പിൻമാറുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്താൽ, ഭാവിയിൽ TRCMPU LTD –മായി ടിയാന് കരാറുകളിലേർപ്പെടാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

14. കരാർ പൂർണ്ണമായോ, ഭാഗീകമായോ അതിന്റെ ഗുണമോ, ബാദ്ധ്യതയോ മറ്റൊരാ ളെയോ മറ്റേതെങ്കിലും കോർപ്പറേറ്റ് സ്ഥാപനത്തിനോ മാറ്റിക്കൊടുക്കാനോ, മറിച്ച് കൊടുക്കാനോ പാടുള്ളതല്ല.കരാറുകാരൻ കരാർ ഭാഗികമായോ പൂർണ്ണമായോ മറ്റൊരാൾക്കോ മറ്റൊരുകോർപ്പറേറ്റ് സ്ഥാപനത്തിനോ മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തോടെ അല്ലാതെ മറിച്ച് നൽകാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതും അഥവാ അംഗീകാരവിധേയമായി നൽകിയാലും, കരാറിന്റെ നടത്തിപ്പിൽ വീഴ്ച വരുത്തുകയോ, തൃപ്തികരമല്ലാതെ പ്രവൃത്തിക്കുകയോ ചെയ്താൽ നൽകിയ അംഗീകാരം ഏത് സമയത്തും പിൻവലിക്കാനും അതിന്മേൽ ഉണ്ടാകുന്ന ഏത് തരത്തിലുള്ള കഷ്ടനഷ്ടങ്ങൾക്കും കരാറുകാരനോ, ഉപകരാറു കാരനോ നഷ്ടപരിഹാരത്തിന് അർഹത ഉണ്ടാവുന്നതല്ലെന്നും എന്നാൽ അതിൽ നിന്ന് യൂണിയന് ഉണ്ടായേക്കാവുന്ന കഷ്ടനഷ്ടങ്ങളുടെ ബാദ്ധ്യത, കർത്തവ്യം, ഉത്തരവാദിത്തം എന്നിവ ഈ കരാർ പ്രകാരം കരാറുകാരന് തന്നെ ആയിരിക്കുന്ന തുമാണ്.

15. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ പാപ്പരാകുകയോ, സ്ഥാപനം നിർത്ത ലാക്കേണ്ടിവരുകയോ, കടപ്പെട്ടവരുടെ താല്പര്യത്തിന് വിധേയമായി കർത്തവ്യങ്ങൾ ഏറ്റെടുക്കേണ്ടിവരുകയോ, കടം തീർക്കുന്നതിലേയ്ക്കായി കടപ്പെട്ടവരുടെ താല്പര്യത്തിന് വിധേയമായി എന്തെങ്കിലും ചെയ്യേണ്ടിവരുകയോ, കടപ്പെട്ടവരുടെ മേൽ നോട്ടത്തിലും പരിശോധനയിലും കരാറുകാരന് സ്വന്തം വ്യാപാരം നട ത്തേണ്ടിവരുകയോ അല്ലെങ്കിൽ ഏതെങ്കിലും ഓർഡറിന്റെ അടിസ്ഥാനത്തിലോ അതുമല്ലെങ്കിൽ കരാറുകാരന്റെ വസ്തുവകകളുടെ നോക്കിനടത്തിപ്പ് ഒരു ഓർഡർ മുഖേന പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കുകയോ, ഈ കരാറിൽ പറയുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിലോ, കരാറുകാരൻ യൂണിയന് ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഉത്തരവാദിയാകുന്നതും സെക്യൂരിറ്റി നിക്ഷേപം മുഴുവനായും അത്തരമുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്കായി മുതൽ കൂട്ടുന്നതും അതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് നോട്ടീസ് നൽകിയ ശേഷം മാനേജിംഗ് ഡയറക്ടറുടെ സ്വന്തം തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ TRCMPU വിന് തങ്ങൾക്ക് ഉത്തമമെന്ന് തോന്നുന്ന ആളുകളെ കൊണ്ട് ഈ കരാർ പൂർത്തീകരി ക്കാവുന്നതുമാണ്. മുൻവിധികളൊന്നുമില്ലാതെ എടുക്കുന്ന അത്തരം തീരുമാനങ്ങൾക്ക് TRCMPU വിന് കരാറുകാരിൽ നിന്നോ ജാമ്യക്കാരിൽ നിന്നോ കരാർ ലംഘനത്തിന് പരിഹാരം നേടാൻ എല്ലാ അവകാശവും ഉണ്ടായിരിക്കുന്നതാണ്. കരാർ ലംഘനത്തെ തുടർന്ന് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും ചിലവുകൾക്കും കരാറുകാരൻ ഉത്തരവാദിയാകുമെന്നതിനാൽ അവ യൂണിയന് നൽകാൻ ബാദ്ധ്യസ്ഥനുമാകുന്നു. അവ യൂണിയനുനൽകുന്നതിൽ കരാറുകാരൻ വീഴ്ച്ച വരുത്തിയാൽ നിയമ നടപടികളിൽകൂടി അവ വീണ്ടെടുക്കാൻ യൂണിയനു എല്ലാവിധ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതാണ്.

16. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ കരാർ ലംഘിക്കുകയോ, കരാർ പ്രകാര മുള്ള വ്യവസ്ഥകൾ, ധാരണകൾ, ഉടമ്പടികൾ എന്നിവ പാലിക്കാതിരിക്കുകയോ ചെയ്താൽ, ന്യായമായും യൂണിയന് പാലും പാൽ ഉത്പന്നങ്ങളും വിതരണം ചെയ്യാൻ ബദൽ സംവിധാനം (യൂണിയന് ആവശ്യമാണെന്ന് തോന്നിയാൽ), നേരിട്ടോ അല്ലാതെയോ ഒരുക്കാവുന്നതും, അത്തരം ഒരു സാഹചര്യത്തിൽ മാനേജിംഗ് ഡയറക്ടർക്ക് രേഖാമൂലം കരാർ അവസാനിപ്പിക്കുന്നതായി കരാറുകാ രനെ അറിയിക്കാവുന്നതും തുടർന്ന് ബദൽ സംവിധാനം ഒരുക്കാവുന്നതും, അത്തരത്തിൽ ബദൽ സംവിധാനം ഒരുക്കുന്നതിനുള്ള ചിലവുകൾ, കഷ്ടനഷ്ട ങ്ങൾ എന്നിവ ഈ കരാറിന്റെ കാലാവധി അവസാനിക്കും വരെ നൽകാൻ കരാറുകാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതുമായിരിക്കും. ഏതെങ്കിലും തരത്തിൽ കരാറുകാരന് യൂണിയൻ നൽകേണ്ടതായ ഏതെങ്കിലും തുക ബാക്കി നിൽപ്പുണ്ടെങ്ക ിൽ അതിൽനിന്ന് പൂർണ്ണമായോ, ഭാഗികമായോ കരാർ ലംഘനത്തെ തുടർന്നുണ്ടായ ചിലവുകൾ, കഷ്ടനഷ്ടങ്ങൾ എന്നിവ ന്യായമായും ഈടാക്കാൻ എല്ലാ അവകാ ശവും യൂണിയന് ഉണ്ടായിരിക്കുന്നതാണ്.

17. ഈ കരാറിനെ ചൊല്ലി ഏതെങ്കിലും തരത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങളോ, തർക്കമോ ഉടലെടുക്കുകയാണെങ്കിൽ മാനേജിംഗ് ഡയറക്ടറുടെ അധികാര പരിധി യിലുള്ള കോടതിയിൽ വേണം നിയമനടപടികൾ സ്വീകരിക്കേണ്ടത്.

18. കരാറുകാരന് ഈ കരാറിന്റെ അടിസ്ഥാനത്തിൽ യൂണിയൻ നൽകേണ്ട ഏത്

പണവും (സെക്യൂരിറ്റി ഡെപ്പോസിറ്റ് അടക്കം) കരാറുകാരൻ യൂണിയന്റെ മറ്റേതെങ്കിലും കരാറുമായി ബന്ധപ്പെട്ടോ, യൂണിയൻ അംഗീകരിക്കുകയോ അധികാരപ്പെടുത്തുകയോ ചെയ്തിട്ടുള്ള ഏതെങ്കിലും വ്യക്തിക്കോ സ്ഥാപനത്തിനോ നൽകുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി തുകയിൽ നിന്ന് യൂണിയന് ഈടാക്കാവുന്നതാണ്.

19. ഇതിൻപ്രകാരം കരാറുകാരന് നൽകാനുള്ളതോ, നൽകേണ്ടതോ ആയ നോട്ടീസുകൾ, ഓഫീസ് ഓർഡറുകൾ, കത്തുകൾ ഒന്നുകിൽ നേരിട്ടോ അല്ലാത്ത പക്ഷം കരാറുകാരന്റെ വീട്ടിലോ അതുമല്ലെങ്കിൽ അയാൾ അവസാനമായി ഉണ്ടായിരുന്നിടത്തോ, അയാളുടെ വ്യവസായ –വാണിജ്യ കേന്ദ്രത്തിലോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ പ്രതിനിധിക്ക് നേരിട്ടോ അല്ലെങ്കിൽ പോസ്റ്റ് മുഖാന്തിരമോ അയാളുടെ സാധാരണ മേൽവിലാസത്തിലോ അല്ലെങ്കിൽ അവസാനമായി ഉണ്ടായിരുന്ന സ്ഥലത്തോ, അദ്ദേഹത്തിന്റെ വാണിജ്യ –വ്യാപാര സ്ഥാപനത്തിലോ അയക്കേണ്ടതും, അയച്ചതു മുതൽ സാധാരണഗതിയിൽ അത് അയാൾക്ക് ലഭ്യമായേക്കാവുന്ന തീയതിയിൽ അയാൾക്ക് ലഭിച്ചതായി കണക്കാക്കാവുന്നതുമാണ്.

20. ഒരിക്കൽ അംഗീകരിച്ച നിരക്കുകൾ പിന്നീട് കൂട്ടി നൽകണമെന്ന തരത്തിലുള്ള നിവേദനങ്ങളും അപേക്ഷകളും പരിഗണിക്കുന്നതല്ല. എന്നാൽ ഠഞഇങജഡ ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി അംഗീകരിച്ച് നൽകിയ നിരക്കുകൾ, സർക്കാർ കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുകയോ, കുറയ്ക്കുകയോ ചെയ്തതിന് ആനുപാതികമായി ഡീസൽ നിരക്കിൽ ഉണ്ടാകുന്ന വ്യതിയാനം കണക്കിലെടുത്ത് നിരക്കുകൾ പുന:ക്രമീകരിക്കുന്നതായിരിക്കും. വ്യത്യസ്ഥ വാഹനങ്ങളുടെ താഴെ പറയുന്ന ഡീസൽ ഉപഭോഗം പ്രകാരമായിരിക്കും ഡീസൽ വില വർദ്ധനവിനും/കുറവിനുമായി കണക്കിലെടുക്കുന്ന മാനദണ്ഡം

| മെറ്റാലിക്ക് ആവരണമുള്ള വാഹനങ്ങൾ | പഫ് ഇൻസുലേറ്റഡ് വാഹനങ്ങൾ |
|---|---|
| കാർ/ജീപ്പ് – 14.50 സാ / ലിറ്റർ ഡീസൽ | 5 MT വാഹനങ്ങൾ– 8 km/ഒരു ലിറ്റർ ഡീസൽ |
| | 3 MT വാഹനങ്ങൾ –9 km /ഒരു ലിറ്റർ ഡീസൽ |
| | 2 MT വാഹനങ്ങൾ–12.50 km /ഒരു ലിറ്റർ ഡീസൽ |
| | 3 MT റെഫ്രിജിറേറ്റഡ് വാഹനങ്ങൾ – 7 km /ഒരു ലിറ്റർ ഡീസൽ |
| | 5 MT റെഫ്രിജിറേററഡ് വാഹനങ്ങൾ – 6 km /ഒരു ലിറ്റർ ഡീസൽ |

21. ഡീസൽ നിരക്ക് വർദ്ധിപ്പിക്കുന്നതും/കുറയ്ക്കുന്നതും, വർദ്ധിത നിരക്ക് അല്ലെങ്കിൽ കുറഞ്ഞ നിരക്ക് ഒരു രൂപയോ ഒരു രൂപയിലധികമോ ആവുമ്പോൾ മാത്രമായിരിക്കും. കരാർ ഉടമ്പടിയിലും പട്ടികയിലും രേഖപ്പെടുത്തിയിട്ടുള്ള വിജ്ഞാപിത ദൂരത്തിന് മാത്രമേ നിരക്ക് വർദ്ധന അല്ലെങ്കിൽ കുറവ് ബാധകമാകുകയുള്ളൂ. ദർഘാസ് തുറക്കുന്ന ദിവസത്തെ ഡീസൽ നിരക്കായിരിക്കും അടിസ്ഥാന നിരക്കായി കണക്കാക്കുന്നത്. തുടർന്ന് വരുന്ന ഡീസൽ വില വർദ്ധന അല്ലെങ്കിൽ കുറവ് മേൽപ്പറഞ്ഞ അടിസ്ഥാന നിരക്കിന്റെ അടിസ്ഥാനത്തിലാവും നിശ്ചയിക്കുന്നത്.

22. കരാറുകാരനോ അയാളുടെ പ്രതിനിധിയോ അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു വേണ്ടി അവിഹിതമായി യൂണിയനെ സ്വാധീനിക്കുന്നതിനായി, നിയോഗിക്കപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥനെ വ്യക്തിപരമായി സമീപിക്കുകയോ, സ്വാധീനിക്കാൻ ശ്രമിക്കുകയോ ചെയ്താൽ കരാർ ഉപാധികളില്ലാതെ റദ്ദ് ചെയ്യാവുന്നതാണ്.

23. കരാറുകാരൻ പിഴ സംബന്ധമായും, നഷ്ടപരിഹാര സംബന്ധമായും സെക്യൂരിറ്റി കണ്ട്കെട്ടുന്നതടക്കം കരാറിൽ പറഞ്ഞിട്ടുള്ള എല്ലാ നിബന്ധനകളും, കരാർ ഉടമ്പടി പ്രകാരമുള്ള ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയാൽ അംഗീകരിക്കാൻ തയ്യാറാവേണ്ടതാണ്.

24. കരാറുകാരന് ലഭിക്കേണ്ട അവസാന ഗഡു പണം അനുവദിക്കുന്നതിന് മുൻപായി കാർഷിക ആദായ നികുതി, വില്പ്പന നികുതി, ആദായ നികുതി എന്നിവ കുടിശ്ശിക വരുത്തിയിട്ടില്ലെന്ന് കാണിക്കുന്ന നികുതി ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

25. എന്തെങ്കിലും പ്രത്യേക നിബന്ധനകളോ, വ്യവസ്ഥകളോ കരാറുകാരൻ ദർഘാസിനൊപ്പം ചേർത്ത് വയ്ക്കുകയോ, സമർപ്പിക്കുകയോ ചെയ്താൽ, അത് മാനേജിംഗ് ഡയറക്ടർ അംഗീകരിച്ചതായി എഴുതി നൽകാത്തിടത്തോളം കാലം അത് നിലനിൽക്കുന്നതല്ലെന്ന് മാത്രമല്ല ഈ കരാറിന് ബാധകവുമായിരിക്കില്ല.

26. പാൽ കൊണ്ട് പോകേണ്ടത് പാൽ ട്രേകളിലോ ക്രേറ്റുകളിലോ ആണ്. അംഗീകൃത വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട രൂപത്തി ലുള്ള വാഹനത്തിൽ വേണം പാലും, പാൽ ഉത്പന്നങ്ങളും കരാറുകാരൻ നിർദ്ദിഷ്ട ഡെയറിയിൽ നിന്ന് വിപണന കേന്ദ്രങ്ങളിലെത്തിക്കാൻ. ഡെയറിയിൽ നിന്ന് പാൽ കയറ്റേണ്ടതും വിപണന കേന്ദ്രങ്ങളിൽ ഇറക്കേണ്ടതും കരാറുകാരന്റെ മാത്രം ഉത്തരവാദിത്വമായിരിക്കും. അതിന് വേണ്ടുന്ന ജീവനക്കാരെ നിയോഗിക്കേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ മാത്രം നിക്ഷിപ്തമായിരിക്കും. അതിന് വേണ്ടുന്ന ജീവനക്കാരെ നിയോഗിക്കാൻ യൂണിയന് യാതൊരുവിധ ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. പാലും പാലുത്പന്നങ്ങളും വിതരണം ചെയ്ത ശേഷം അവ കൈപ്പറ്റിയതായ രേഖ ഏജന്റുമാരിൽ നിന്ന് സ്വീകരിക്കേണ്ടതും അവ തിരുവനന്തപുരം ഡെയറി ആവശ്യപ്പെടുപ്രകാരം ഹാജരാക്കേണ്ടതുമാണ്.

27. പാലും, പാൽ ഉത്പന്നങ്ങളും ദിവസത്തിൽ ഒന്നോ അതിലധികമോ തവണ, കരാറുകാരൻ യൂണിയൻ നിശ്ചയിക്കുന്ന നിർദ്ദിഷ്ട റൂട്ടിൽ, നിർദ്ദിഷ്ട സമയത്ത്, നിർദ്ദിഷ്ട

വിപണന കേന്ദ്രത്തിൽ എത്തിക്കാൻ ബാദ്ധ്യസ്ഥനാണ്. കാലി ട്രേകളും/ക്രേറ്റുകളും വിതരണത്തിന് ശേഷം, ബാക്കി വരുന്ന പാലും പാൽ ഉത്പന്നങ്ങളും അതാത് ദിവസം തന്നെ ഡയറിയിൽ തിരികെ എത്തിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. നിശ്ചിത സമയത്തിന് ശേഷം 5 മിനിട്ടുവരെയോ, വിതരണം ചെയ്യേണ്ടി വരുന്ന പാൽ അധികമാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിലോ ആയിരിക്കും പാൽ ലോഡ് ചെയ്യുന്നതിന് ഡെയറിയിൽ വാഹനം റിപ്പോർട്ട് ചെയ്യേണ്ട നിർദ്ദിഷ്ട സമയത്തിൽ ഇളവ് അനുവദിക്കുക. നിർദ്ദിഷ്ട സമയത്തിന് ഡെയറിയിൽ വാഹനം റിപ്പോർട്ട് ചെയ്യാത്ത പക്ഷം മുകളിൽ സൂചിപ്പിച്ച ഇളവുകൾക്ക് പുറത്ത് ഓരോ 15 മിനിട്ടിനും 250 രൂപ എന്ന നിരക്കിൽ അല്ലെങ്കിൽ അതിന്റെ നിശ്ചിത ഭാഗത്തിന് ആനുപാതികമായി പിഴ ഈടാക്കുന്നതായിരിക്കും. എന്നാൽ നിർദ്ദിഷ്ട സമയവും, ഇളവ് അനുവദിക്കുന്ന സമയവും അടക്കം അരമണിക്കൂറിലേറെ വാഹനം റിപ്പോർട്ട് ചെയ്യാതിരുന്നാൽ പാലും, പാൽ ഉത്പന്നങ്ങളും വിതരണം ചെയ്യാൻ ബദൽ സംവിധാനം ഒരുക്കാവുന്നതും, അത്തരം ബദൽ സംവിധാനം ഒരുക്കുന്നത് വഴി സ്ഥാപനത്തിന് ഉണ്ടാകുന്ന ചിലവും, ഏജന്റിനും, TRCMPU വിനും ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങളും, കരാറുകാരന്റെ ബില്ലിൽനിന്ന് ഈടാക്കാവുന്നതാണ്.

28. വാഹനം എന്തെങ്കിലും കാരണവശാൽ കേടുവന്ന് വഴിയിലാകുന്ന സാഹചര്യത്തിൽ, പകരം സംവിധാനം ഏർപ്പെടുത്തി പാലും, പാൽ ഉത്പന്നങ്ങളും നിർദ്ദിഷ്ട സമയത്ത് വിതരണം ചെയ്യേണ്ടതിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.

29. ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായി യൂണിയന്റെ ഏതൊരു ജീവനക്കാരനും ആവശ്യാനുസരണം വിതരണ വാഹനത്തിൽ യാത്ര ചെയ്യാവുന്നതാണ്.

30. പഫ് ഇൻസുലേഷനുള്ള കണ്ടെയ്നർ വാഹനത്തിൽ വേണം പാലും, പാൽ ഉത്പന്നങ്ങളും വിതരണം ചെയ്യേണ്ടത്. ഏതെങ്കിലും കാരണവശാൽ ടി നിർദ്ദേശം പാലിക്കുന്നതിൽ കരാറുകാരൻ വീഴ്ച വരുത്തിയാൽ, അത്തരത്തിലുള്ള ഓരോ കരാർ ലംഘനത്തിനും, 200/– രൂപ നിരക്കിൽ പിഴ ഈടാക്കാവുന്നതാണ്. ഇത്തരത്തിലുള്ള കരാർ ലംഘനം തുടർച്ചയായി പത്ത് ദിവസത്തിലധികമായാൽ ടി കരാർ മേൽപ്പറഞ്ഞ വീഴ്ചയുടെപേരിൽ റദ്ദ് ചെയ്യാവുന്നതാണ്.

31. കരാറുകാരൻ സ്വന്തം ചിലവിൽ പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി വാഹനത്തിൽ സജ്ജീകരിക്കേണ്ടതാണ്.പുതിയതായി വാഹനം വാങ്ങാൻ ഉദ്ദേശിക്കുന്നവർ കരാർ ലഭിക്കുന്ന വ്യക്തിക്ക് പുതിയതായി വാഹനം വാങ്ങി പഫ് ഇൻസുലേഷൻ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ, പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡിയുടെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് മിൽമ അംഗീകരിച്ചിട്ടുള്ള കമ്പനിയിൽ നിന്ന് പ്രസ്തുത പ്രവൃത്തി ചെയ്യിക്കാവുന്നതാണ്. മറ്റ് സ്ഥാപനങ്ങളിൽ നിന്നും പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി സ്ഥാപിക്കുകയാണെങ്കിൽ, മിൽമ നിഷ്കർഷിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ (ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു) അനുസരിച്ചുള്ള പഫ് ഇൻസുലേറ്റഡ് ബോഡി നിർമ്മിക്കേണ്ടതാണ്. നിലവിലുള്ള പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി വാഹനം ഉപയോഗിച്ച് കരാർ നടത്തുവാൻ ഉദ്ദേശിക്കുന്നവർ

മിൽമ നിഷ്കർഷിച്ചിട്ടുള്ള ടെക്നിക്കൽ സ്പെസിഫിക്കേഷൻ (ടെക്നിക്കൽ സ്പെസിഫിക്കേഷൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു) അനുസരിച്ചുള്ള പഫ്

ഇൻസുലേഷനുള്ള കണ്ടെയ്നർ വാഹനത്തിൽ വേണം പാലും, പാൽ ഉത്പന്നങ്ങളും വിതരണം ചെയ്യേണ്ടത്. നിലവിലുള്ള പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി വാഹനം ഉപയോഗിച്ച് കരാർ നടത്തുവാൻ ഉദ്ദേശിക്കുന്ന സാഹചര്യത്തിൽ പഫ് ഇൻസുലേഷൻ ചെയ്ത സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം ടെണ്ടറിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

കരാർ ലഭിക്കുന്ന വ്യക്തി (പുതിയതായി വാഹനം വാങ്ങി പഫ് ഇൻസുലേഷൻ ചെയ്യുന്നവരും, നിലവിലുള്ള പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ ബോഡി വാഹനം ഉപയോഗിച്ച് കരാർ നടത്തുവാൻ ഉദ്ദേശിക്കുന്നവരും) ഡെയറിയിൽ നിന്നും അറിയിക്കുന്ന ദിവസം പഫ് ഇൻസുലേഷൻ ചെയ്ത സ്ഥാപനത്തിൽ നിന്നും ഉള്ള സാക്ഷ്യപത്രം സഹിതം വാഹനം ഡെയറിയിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. പഫ് ഇൻസുലേഷൻ, ഡെയറി നിഷ്കർഷിച്ചിട്ടുള്ള സാങ്കേതിക മാനദണ്ഡങ്ങൾ പാലിച്ചാണോ ചെയ്തിരിക്കുന്നത് എന്ന പ്രാഥമിക പരിശോധന അതാത് ഡെയറികളിലെ എഞ്ചിനിയറിംഗ് വിഭാഗം പരിശോധന നടത്തി സാക്ഷ്യപത്രം നൽകുന്ന മുറയ്ക്ക് താൽക്കാലിക വർക്ക്ഓർഡർ (മൂന്ന് മാസം) നൽകുന്നതാണ്. ടി കാലയളവിൽ ഇൻസുലേഷൻ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് (ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം കുറയാതെ) ബോധ്യപ്പെടുന്ന മുറയ്ക്ക് സ്ഥിരം വർക്ക്ഓർഡർ നൽകുന്നതായിരിക്കും. പ്രായോഗികമായി പഫ് ഇൻസുലേഷൻ നിഷ്കർഷിച്ച ഗുണനിലവാരം പുലർത്തുന്നില്ല എന്നും ഉൽപ്പന്നങ്ങളുടെ ഗുണമേൻമ സംരക്ഷിക്കാൻ കഴിയുന്നില്ല എന്നും ഡെയറിക്ക് ബോധ്യപ്പെട്ട് ടി കാലയളവിൽ കരാർ റദ്ദാക്കേണ്ടി വന്നാൽ, അതിന്റെ പൂർണ ഉത്തരവാദിത്തം കരാറുകാരന് ആയിരിക്കും.

32. യൂണിയന്റെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനാലോ, പഫ് ബോഡി ശരിയാംവണ്ണം പ്രവൃത്തിക്കാത്തതിനാലോ, പഫ് ബോഡിക്ക് ഉണ്ടായ ക്ഷതമോ കേടുപാടുകളോ മൂലം വാഹനത്തിൽ ലോഡ് ചെയ്ത പാൽ/പാലുൽപ്പന്നങ്ങളുടെ ഗുണമേൻമയിൽ അപചയമോ, കേടുപാടുകളോ സംഭവിച്ചാൽ ഇത് മൂലം സ്ഥാപനത്തിന് ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണ്. ഇത്തരം തകരാറുകൾ യൂണിയൻ നിശ്ചയിക്കുന്ന സമയപരിധിക്കുള്ളിൽ കൃത്യമായും തൃപ്തികരമായും പരിഹരിക്കപ്പെടാതിരുന്നാൽ മേൽ പറഞ്ഞ വീഴ്ചയുടെ പേരിൽ, നോട്ടീസ് നൽകി കരാറുകാരനെ കരാറിൽനിന്ന് ഒഴിവാക്കുന്നതാണ്.

33. ഹബ്ബ് കരാറിൽ ഏർപ്പെടുന്ന കരാറുകാരന് ലീസ് വ്യവസ്ഥയിൽ തിരുവനന്തപുരം മേഖല യൂണിയൻ നിർദ്ദേശിച്ചിട്ടുള്ള സ്പെസിഫിക്കേഷനിലുള്ള വാഹനങ്ങൾ ആവ ശ്യാനുസരണം ക്രമീകരിക്കാവുന്നതാണ്.

34. കത്തുകൾ, നോട്ടീസുകൾ, പരസ്യ വസത്ുക്കൾ എന്നിവ ഡയറികളിൽ നിന്ന് സ്വീക രിച്ച് ഏജന്റുമാർക്ക് എത്തിക്കുക തിരിച്ച് അത്തരത്തിലുള്ളവ ഏജന്റുമാരിൽ നിന്ന് സ്വീകരിച്ച് ഡെയറിയിൽ എത്തിക്കുക എന്ന ഉത്തര വാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്. അത് പോലെ തന്നെ കരാറുകാരന്റെ ഉത്തരവാദിത്വമാണ് ഏജന്റുമാ രിൽ നിന്ന് പണം ശേഖരിക്കുക, അതിന് കൈപ്പറ്റിയതായ രസീത് നൽകുക.

35. വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള റൂട്ടുകളുടെ ദൂരം ഏകദേശമായതിനാൽ +/−10% വ്യത്യാസം വരാവുന്നതാണ്. വിതരണകേന്ദ്രങ്ങളിലും, വിതരണ സമയങ്ങളിലും, വിതരണ മാർഗ്ഗങ്ങളിലും മാറ്റം വരുത്താനും, അധികം കൂട്ടിചേർക്കാനുമുള്ള എല്ലാ അവകാശവും മേഖല യൂണിയനിൽ മാത്രം നിക്ഷിപത്മാണ്.

36. കരാർ വാഹനങ്ങളിൽ അംഗീകൃത ആളുകളെയല്ലാതെ മറ്റാരെയെങ്കിലും കയറ്റുന്നതും, ഡെയറി കോമ്പൗണ്ടിനുള്ളിൽ നിശ്ചിത സ്ഥലത്ത് അല്ലാതെ വാഹനം കഴുകി വൃത്തിയാക്കുന്നതടക്കമുള്ള പ്രവൃത്തികൾ, ചെയ്യുന്നതും കരാർലംഘനമായി കണക്കാക്കി യൂണിയൻ നിശ്ചയിക്കുന്ന നിരക്കിൽ പിഴ ഈടാക്കുന്നതാണ്.

37. യൂണിയൻ അംഗീകരിക്കാത്ത യാതൊരുവിധ സാധനങ്ങളും പാലിനൊപ്പം കൊണ്ട്പോകാൻ അനുവദിക്കുന്നതല്ല .

38. കരാറുകാരനോ, കരാറുകാരന്റെ പ്രതിനിധികളോ, ജീവനക്കാരോ വിതരണത്തിനിടയിൽ നിയമ വിരുദ്ധമായ എന്തെങ്കിലും കുറ്റങ്ങൾ ചെയ്തതായി കണ്ടത്തെിയാൽ, കരാറുകാരനിൽ നിന്ന് 1000 രൂപ പിഴ ഈടാക്കാവുന്നതും ആ വീഴച്യുടെ അടിസ്ഥാനത്തിൽ വേറെ നോട്ടീസ് ഒന്നും നൽകാതെ തന്നെ കരാർ അവസാനിപ്പിക്കാവുന്നതുമാണ്.

39. അത്തരം സാഹചര്യത്തിൽ കരാർകാലാവധി വരെ ബദൽ സംവിധാനം ഏർപ്പെടുത്താൻ വേണ്ടിവരുന്ന ചിലവ് കരാറുകാരനിൽ നിന്ന് ഈടാക്കാവുന്നതുമാണ്.

40. ഏജന്റുമാർ തിരിച്ചയക്കുന്ന പാലിന്റെ മടക്കികൊടുക്കലും അനുബ ന്ധവിഷയങ്ങളും സംബന്ധിച്ച നടപടിക്രമങ്ങളും തീരുമാനങ്ങളും കൈകൊള്ളാനുള്ള പൂർണ്ണ ഉത്തരവാദിത്വവും, അധികാരവും ഠഞഇങജഡ വിൽമാത്രം നിക്ഷിപ്തമാണ്. ഇത് സംബന്ധിച്ച് ഠഞഇങജഡ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ വീഴ്ചകളില്ലാതെ പാലിക്കാനും, നടപ്പിൽ വരുത്തുവാനും കരാറുകാരന് ഉത്തരവാദിത്തമുള്ളതാകുന്നു.

41. എന്തെങ്കിലും തരത്തിലുള്ള തർക്കങ്ങൾ യൂണിയനും കരാറുകാരനും തമ്മിൽ ഉണ്ടാവുന്ന പക്ഷം യൂണിയന്റെ തീരുമാനം അന്തിമവും, അത് കരാറുകാരന് ബാധകവുമായിരിക്കും.

42. കടത്തുകൂലി, ടോൾ ഫീ, പ്രവേശന ഫീസ് അടക്കം വിതരണവുമായിബന്ധപ്പെട്ട മറ്റ് നിരക്കുകൾ കരാറുകാരൻ തന്നെ വഹിക്കേണ്ടതാകുന്നു. അത്തരത്തിലുള്ള ഏതൊരു വിധത്തിലുള്ള ചിലവുകളും ഠഞഇങജഡ വഹിക്കുന്നതല്ല.

43. വിതരണ വാഹനത്തിൽ കരാറുകാരൻ നിയോഗിക്കുന്ന ജീവനക്കാർ കരാറുകാരന്റെ ജീവനക്കാർ മാത്രമാണ്. ആ ജീവനക്കാരുമായും യൂണിയന് ഏതൊരുവിധത്തിലും തൊഴിൽ ഉടമ – തൊഴിലാളി ബന്ധം ഉണ്ടായിരിക്കുന്നതല്ല. തൊഴിലുടമ എന്ന നിലയിൽ ടി തൊഴിലാളികളുമായുള്ള നിയമപരമായ എല്ലാ ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കേണ്ടത് കരാറുകാരൻ മാത്രമാണ്. തൊഴിലാളികൾക്ക് നിർദ്ദിഷ്ട രൂപത്തിലുള്ള തിരിച്ചറിയൽകാർഡ് കരാറുകാരൻ നൽകേണ്ടതും ടി കാർഡ് യൂണിയനിൽ മുൻകൂറായി സമർപ്പിച്ച് അംഗീകാരം വാങ്ങിക്കേണ്ടതുമാണ്. കരാറുകാരൻ നിയോഗിച്ച ഏതെങ്കിലും തൊഴിലാളിയിൽ നിന്ന് അപമര്യാദയായ പെരുമാറ്റമോ

വിശ്വാസവഞ്ചനയോ, മോഷണമോ ഉണ്ടായതായി യൂണിയനിൽ നിന്ന് അറിയിപ്പ്കിട്ടി 24 മണികൂറിനകം ടി ജീവനക്കാരനെ കരാറുകാരൻ ജോലിയിൽ നിന്ന് ഒഴിവാക്കേണ്ടതാകുന്നു.

44. തൊഴിൽ എടുക്കുന്ന വേളയിൽ വാഹന ജീവനക്കാർ പാന്റ്സും ഷർട്ടുമാണ് ധരിക്കേണ്ടത്. ശരിയാംവണ്ണം വസ്ത്രം ധരിക്കാത്ത കരാറുകാരന്റെ ജീവനക്കാരെ ഡെയറി/ഹബ്ബ് കോമ്പൗണ്ടിനുള്ളിൽ പ്രവേശിപ്പിക്കുന്നതല്ല.

45. കരാറുകാരൻ നിയോഗിച്ചിട്ടുള്ള വാഹന ജീവനക്കാരുടെ ഇ.പി.എ ഫ്/ഇ.എസ്.ഐ മറ്റ് നിയമപരമായും, തൊഴിൽ നിയമപരമായും ഉള്ള ആനുകൂല്യങ്ങളടക്കം എല്ലാ തുകയും അടയ്ക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

46. വാഹനം ഓരോ ട്രിപ്പിലും വഹിക്കേണ്ട അളവിന്റെ വിവരണം: ഓരോ തരം വാഹനവും ഓരോ ട്രിപ്പിലും വഹിക്കേണ്ട പാൽ, തൈര്, ലസി, സംഭാരം എന്നിവയുടെ ഏറ്റവും കുറഞ്ഞ അളവ് (ട്രേ) ചുവടെ പറയും പോലെ ആയിരിക്കും.

| പഫ് ഇൻസുലേറ്റഡ് കണ്ടെയ്നർ വാഹനം | | | | |
|---|---|---|---|---|
| | ഐ.എസ്.ഐ.ട്രേ | | ഐ.എസ്.ഐ.ട്രേ അല്ലാത്തത് | |
| | ട്രേകളുടെ എണ്ണം | അളവ് ലിറ്ററിൽ | ട്രേകളുടെ എണ്ണം | അളവ് ലിറ്ററിൽ |
| 1 ടൺ | 80 | 1040 | 100 | 1000 |
| 2 ടൺ | 160 | 2080 | 205 | 2050 |
| 3 ടൺ | 245 | 3185 | 320 | 3200 |
| 5 ടൺ | 385 | 5005 | 500 | 5000 |

47. ഹബ്ബ് കരാറിൽ ഏർപ്പെടുന്നയാൾ പാൽ വിൽപ്പനയുടെ 20% തൈരിന്റെ വിൽപ്പന ഉറപ്പുവരുത്തേണ്ടതാണ്.

48. I. ആദായ നികുതി : ആദായ നികുതി, ബിൽ തുകയ്ക്ക് ആനുപാതികമായ നിരക്കിൽ ഉറവിടത്തിൽ തന്നെ പിടിച്ച ശേഷം മാത്രമേ ബിൽ തുകകൈമാറുകയുള്ളൂ. എന്നാൽ ബന്ധപ്പെട്ട ആദായ നികുതി ഉദ്യോഗസ്ഥനിൽ നിന്ന് ആദായ നികുതി, ബില്ലിന് ബാധകമല്ലാത്തതിനാൽ കിഴിവ് ചെയ്യേണ്ടതില്ലെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ പ്രസ്തുത തുക കിഴിവ് ചെയ്യുന്നതല്ല.

II. ഇ.പി.എഫ് : അതാത് സമയത്തെ നിരക്കനുസരിച്ചുള്ള ഇ.പി.എഫ് സംഭാവന നൽകാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. നിലവിൽ അടിസ്ഥാന ശമ്പളത്തിന്റെയും ക്ഷാമബത്തയുടെയും 12% തൊഴിലുടമയും, 12% തൊഴിലാളിയും സംയുക്തമായി സംഭാവന ചെയ്യേണ്ടതാണ്. മേൽപ്പറഞ്ഞതിനൊപ്പം വേതനത്തിന്റെ 0.5% EDLS ലേയ്ക്കും, 0.65% EPF ഭരണനിർവഹണത്തിനും,

0.01% ഇൻഷ്വറൻസ് ഫണ്ട് മേൽനോട്ടത്തിനുമായി നൽകേണ്ടതാണ്. കരാർ കാലയളവിൽ കരാർ ജീവനക്കാർക്ക് വേണ്ടി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ മേൽ പറഞ്ഞ നിര ക്കിൽ പണമടയ്ക്കേണ്ട ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്ത മാണ്.

III. E.S.I. : കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള

E.S.I. സംഭാവന അടയ്ക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്തമാണ്. നില വിലെ നിരക്കനുസരിച്ച് ആകെ

വേതനത്തിന്റെ 0.75% തൊഴിലാളിയും 3.25% തൊഴിലുടമയും E.S.I. സംഭാവനയായി അടയ്ക്കേ ണ്ടതാണ്. കരാർ കാലയളവിൽ ഒരു ദിവസമാണ് ഒരാൾ തൊഴിൽ എടുത്തതെങ്കിൽ പോലും മേൽ പറഞ്ഞതുക അടയ്ക്കാൻ കരാ റുകാരൻ ബാദ്ധ്യസ്ഥനാണ്.

49. സമയക്രമം: വിതരണ റൂട്ടിന്റെ സമയക്രമത്തെ സംബന്ധിച്ചുള്ള വിവരങ്ങൾ യൂണിറ്റ് തലത്തിൽ കരാറുകാരനെ അറിയിക്കുന്നതും യൂണിറ്റ് മേധാവിയോ, അദ്ദേഹത്തെ പ്രതിനിധീകരിക്കുന്നവരോ സമയക്രമത്തെ കുറിച്ച് നൽകുന്ന നിർദ്ദേശങ്ങളും, നിബന്ധനകളും പാലിക്കാൻ കരാറുകാരൻ ബാദ്ധ്യസ്ഥനാണ്. സമയക്രമം പാലി ക്കുക എന്നത് ഈ കരാറിന്റെ കാതലായതിനാൽ, അതിൽ വീഴ്ച വരുത്തുന്ന പക്ഷം യൂണിറ്റിന് ഉണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങളും കരാറുകാരനിൽ നിന്ന് പിഴ അടക്കം ഈടാക്കാവുന്നതുമാകുന്നു.

50. ഒരു വിതരണ വാഹനത്തിൽ ഒരു ഡ്രൈവറും, ഒരു അറ്റൻഡറുമടക്കം 2 ജീവനക്കാ രിൽ കൂടുതൽ ഏതൊരു കാരണവശാലും അനുവദിക്കുന്നതല്ല.

51. പാലും, പാൽ ഉല്പന്നങ്ങളും കയറ്റി ഇറക്കാനും, വിതരണം ചെയ്യാനും ഡെയറിയിൽ നിന്ന് ഒരു കാരണവശാലും ജീവനക്കാരെ അനുവദിക്കുന്നതല്ല. വിത രണം ചെയ്യേണ്ട പാലും, പാൽ ഉല്പന്നങ്ങളും, ഡെസ്പാച്ച് ഡോക്കിൽ നിർദ്ദിഷ്ട സ്ഥലം വരെ മാത്രമേ എത്തിച്ച് തരുകയുള്ളൂ. യൂണിറ്റ് മേധാവിയുടെയോ മാർക്കറ്റിംഗ് വിഭാഗം ജീവനക്കാരുടെയോ നിർദ്ദേശാനുസരണം പാലും, പാൽ ഉത്പ ന്നങ്ങളും വിവിധ വിപണന കേന്ദ്രങ്ങളിൽ ശരിയായ രസീത് കൈപ്പറ്റി എത്തിക്കുക എന്നത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. മടക്കയാത്രയിൽ തന്നെ കാലി ട്രേകളും/ ക്രേറ്റുകളും തിരിച്ചെടുത്ത് ഡെറയിയിൽ/ഹബ്ബിൽ എത്തിക്കേണ്ടതാണ്. എന്തെങ്കിലും കൃത്രിമം കാണിക്കുന്നതിലൂടെയോ, അളവിൽ കുറവ് വരുത്തന്നതിലൂ ടെയോ, ട്രേ/ക്രേയ്റ്റുകൾ നഷ്ടപ്പെടുത്തുന്നതിലൂടെയോ ഡെയറിക്കുണ്ടാവുന്ന നഷ്ടം പിഴയടക്കം കരാറുകാരനിൽനിന്ന് ഈടാക്കുന്നതായിരിക്കും. പിഴയടക്കം ഡെറയിക്കുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങളുടെയും തോതും നിരക്കും തീരുമാനിക്കാനുള്ള അന്തിമമായ അവകാശം ഡെയറി മാനേജറിൽ മാത്രം നിക്ഷി പ്തമാണ്.

52. പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ദൂരം ഏകദേശം മാത്രമാണ്. ദൂരത്തെ സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള ആക്ഷേപമോ തർക്കമോ ഉടലെടുത്താൽ യൂണിറ്റ് മേധാ വിയുടെ അംഗീകൃത പ്രതിനിധിയും, കരാറുകാരനും ഒരുമിച്ച് സംയുക്ത ദൂര പരി ശോധന നടത്താവുന്നതാണ്.

53. മിൽമയുടെ പരസ്യം യൂണിറ്റ് മേധാവി നിർദ്ദേശിക്കുന്ന തരത്തിൽ കരാറുകാരൻ

ഏർപ്പെടുത്തിയിട്ടുള്ള വിതരണ വാഹനത്തിന്റെ ഇരുവശത്തും ആകർഷണീയമായ രീതിയിൽ ഒട്ടിയ്ക്കുകയോ പെയിന്റ് ചെയ്യുകയോ ചെയ്യേണ്ടതാണ്. പരസ്യം ഒട്ടിയ്ക്കാനോ പെയിന്റ് ചെയ്യാനോ വേണ്ടിവരുന്ന ചിലവ് മേഖല യൂണിയൻ വഹിക്കുന്നതാണ്.

54. ഹോട്ടലുകൾ, ഹോസ്പിറ്റലുകൾ അടക്കമുള്ള സ്ഥാപനങ്ങൾക്ക് അടുക്കളയിലോ, അവർ നിർദ്ദേശിക്കുന്ന സ്ഥലത്തോ പാൽ/ തൈര് അടങ്ങിയ ട്രേകൾ എത്തിച്ച് നൽകേണ്ടതും, പാൽ/ തൈര് കൈപ്പറ്റിയതിന് സ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും (ഡെസ്പാച്ച് ഷീറ്റിൽ) ഒപ്പ് രേഖപ്പെടുത്തി വാങ്ങേണ്ടതുമാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാത്തതിനെ തുടർന്ന് ഏതെങ്കിലും സ്ഥാപനം പണം നൽകുന്നതിൽ വീഴ്ച വരുത്തിയാൽ പ്രസ്തുത നഷ്ടം കരാറുകാരനിൽ നിന്ന് ഈടാക്കുന്നതാണ്. വിപണന കേന്ദ്രത്തിന്റെ അല്ലെങ്കിൽ കച്ചവട സ്ഥാപനത്തിന്റെ ഒരുമീറ്ററിനുള്ളിൽ തറ നിരപ്പിൽ വണ്ടിയിൽ നിന്ന് പാൽ ട്രേയോ/ക്രേറ്റോ ഇറക്കിവച്ച് കൊടുക്കേണ്ട ഉത്തരവാദിത്തം കരാറുകാരനും, ബന്ധപ്പെട്ട ജീവനക്കാരനുമായിരിക്കും. മേൽ പറഞ്ഞ സ്ഥലത്ത് നിന്ന് കാലി ട്രേയും/ക്രേറ്റും എടുത്ത് വിതരണ വാഹനത്തിൽ കയറ്റേണ്ട ഉത്തരവാദിതത്തവും കരാറുകാരനും, ബന്ധപ്പെട്ട വാഹന ജീവനക്കാർക്കുമായിരിക്കും.

55. പാലും, പാലുത്പന്നങ്ങളും കൃത്യമായി വിതരണം ചെയ്തു എന്ന് ഉറപ്പ് വരുത്തുന്നതിന് ഏജന്റുമാരിൽ നിന്നും, വിതരണക്കാരിൽ നിന്നും കൈപ്പറ്റിയതായിട്ടുള്ള ഒപ്പ് (ഡെസ്പാച്ച് ഷീറ്റിൽ) രേഖപ്പെടുത്തി വാങ്ങേണ്ടതും, ടി ഡെസ്പാച്ച് ഷീറ്റ് ഡെയറിയിൽ സമർപ്പിക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിതത്തമാണ്. അത്തരത്തിൽ പാലും, പാലുത്പന്നങ്ങളും കൈപ്പറ്റിയതായി ഡെസ്പാച്ച് ഷീറ്റിലോ/ ഡെസ്പാച്ച് നോട്ടിലോ രേഖപ്പെടുത്താതിരിക്കുകയോ, അത്തരം രേഖ കൃത്രിമമായി ഉണ്ടാക്കുകയോ, തിരുത്തുകയോ ചെയ്തതായി യൂണിയന് ബോധ്യമായാൽ അത്തരം കൃത്രിമം കാട്ടിയ പാലിന്റെയോ/പാൽ ഉല്പന്നത്തിന്റെയോ വിലയും, ഒപ്പം വിലയുടെ ഇരട്ടി വരുന്ന തുകയിൽ അധികരിക്കാത്ത തുക പിഴയായും കരാറുകാരനിൽ നിന്ന് യൂണിയൻ ഈടാക്കുന്നതായിരിക്കും.

56. വിശേഷ ദിവസങ്ങളിലും ഉത്സവ വേളകളിലും ഡെയറിയ്ക്ക് ഉചിതമാണെന്ന് തോന്നുന്ന ദിവസങ്ങളിലും, അധിക ട്രിപ്പ് ഓടിക്കാൻ കരാറുകാരന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്.

57. കരാറുകാരനും അയാളെ പ്രതിനിധീകരിക്കുന്ന വാഹന ജീവനക്കാരും ഏജന്റുമാരോടും, വിതരണക്കാരോടും, ഇടപാടുകാരോടും മാന്യമായും, മര്യാദപൂർവ്വവും പെരുമാറേണ്ടതാണ്. ഏജന്റുമാരിൽ നിന്നോ ഇടപാടുകാരിൽ നിന്നോ കരാറുകാരന്റെയോ, കരാറുകാരന്റെ വാഹനജീവനക്കാരുടെയോ പെരുമാറ്റത്തെ കുറിച്ച് സ്ഥിരമായോ, നിരന്തരമായോ പരാതി ലഭിക്കുകയാണെങ്കിൽ പിഴ ഈടാക്കാവുന്നതും, ഉചിതമെന്ന് തോന്നിയാൽ കരാർ തന്നെ റദ്ദ് ചെയ്യാവുന്നതുമാണ്.

58. ഡെയറി ഡെസ്പാച്ച് ഡോക്കിൽ നിർദ്ദിഷ്ട സ്ഥലത്ത് ട്രേകളിൽ അട്ടിയിട്ട് വച്ചി

ട്ടുള്ള പാല്/ തൈര്/ സംഭാരം/ലസ്സി എന്നിവ പരിശോധിച്ച്, എണ്ണം തിട്ടപ്പെടുത്തി, ചോർച്ചയുള്ള പാക്കറ്റുകൾ മാറ്റിയെടുത്ത് വാഹനത്തിൽ കയറ്റേണ്ട ഉത്തരവാദിത്തം കരാറുകാരനിൽ മാത്രം നിക്ഷിപ്തമാണ്.

59. തൈര്, സംഭാരം എന്നിവ പ്രോഡക്ട് ശ്രേണിയിൽ വരുന്ന ഉൽപ്പന്നങ്ങൾ ആണെങ്കിലും, ആയത് പാൽ ഹബ്ബിലേക്ക് കൊണ്ടുപോകുന്ന വാഹനത്തിൽ കരാറുകാരന്റെ ഉത്തരവാദത്തിൽ ഹബ്ബിലെത്തിച്ച് വിതരണം നടത്തേണ്ടതാണ്.

60. കരാറുകാരൻ റൂട്ട് വാഹനങ്ങളിൽ തിരുവനന്തപുരം മേഖല യൂണിയൻ നിഷ്കർഷിക്കുന്ന ബ്രാൻഡിംഗ് ചെയ്യേണ്ടതാണ്. ടി ബ്രാൻഡിംഗ് ചെയ്യുന്നതിനുള്ള ചിലവ് തിരുവനന്തപുരം മേഖല യൂണിയൻ വഹിക്കുന്നതായിരിക്കും.

മാനേജിംഗ് ഡയറക്ടർ

# ANNEXURE *1*

1.ടെണ്ടർ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1.1. നിലവിലുള്ള വാഹനമുപയോഗിച്ച് കരാർ നടത്തുവാൻ ആഗ്രഹിക്കുന്നവർ ടെണ്ടറിൽ പങ്കെടുക്കുമ്പോൾ അവരുടെ വാഹന നമ്പർ ടെണ്ടറിൽ കാണിച്ചിരിക്കണം.

1.2. ടെണ്ടറിനൊപ്പം അപ്ലോഡ് ചെയ്യേണ്ട ഡോക്യുമെന്റ്സ്

1.2.1 ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ ആധാർകാർഡ്, പാൻ കാർഡ്

1.2.2 ടെണ്ടർ ഫോമിന്റെ എല്ലാ പുറങ്ങളിലും ടെണ്ടർ സമർപ്പിക്കുന്ന ആളിന്റെ ഒപ്പ് രേഖപ്പെടുത്തിയ കോപ്പി

1.2.3 200 രൂപ മുദ്രപത്രത്തിൽ രേഖപ്പെടുത്തിയ സത്യവാങ്മൂലം

1.3. വാഹനങ്ങൾ 2017ാം വർഷമോ അതിന് ശേഷമോ നിർമ്മിച്ചതായിരിക്കണം

1.3.1. പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനങ്ങൾ – ഇത്തരം വാഹനങ്ങൾ കരാർ ഉറപ്പിച്ച ശേഷം 30 ദിവസത്തിനുള്ളിൽ വാങ്ങി രജിസ്ട്രേഷൻ സഹിതം ഹാജരാക്കേണ്ടതാണ്.

1.4. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഘടിപ്പിക്കേണ്ട പഫ്ബോഡിയുടെ വിവരങ്ങൾ – ടെണ്ടർ ഡോക്കുമെന്റിലെ അിലഃൗല കക പ്രാകരമുള്ളതായിരിക്കണം.

1.5. നിലവിൽ രജിസ്ട്രേഷനുള്ള വാഹനത്തിന്റെ നമ്പരോ, ടെണ്ടർ ലഭിച്ചു കഴിഞ്ഞാൽ വാഹന കമ്പനികളിൽ നിന്നും പുതിയതായി വാങ്ങാനുദ്ദേശിക്കുന്ന വാഹനത്തിന്റെ വിവരമോ ടെണ്ടറിൽ കാണിച്ചു കഴിഞ്ഞാൽ പിന്നെ കരാർ നടത്തിപ്പിന് പ്രസ്തുത വാഹനം തന്നെ ഉപയോഗിക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

1.6. ടെണ്ടറിൽ വിജയിക്കുന്നവർ, ആവശ്യാനുസരണം ടെണ്ടറിൽ പറഞ്ഞിട്ടുള്ള റൂട്ടിൽ വാഹനമോടിക്കുവാൻ ബാധ്യസ്ഥനാണ്.

1.7. മിൽമ ജീവനക്കാർക്കോ മിൽമയിൽ അഫ്ലിയേറ്റ് ചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളിലെ ജീവനക്കാർക്കോ ടെണ്ടറിൽ പങ്കെടുക്കാൻ യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

2. എഗ്രിമെന്റ്

ഹബ്ബ് നടത്തിപ്പിന് കരാർ ലഭിക്കുന്നവർ നിശ്ചിത തിയതിക്കകം തിരുവനന്തപുരം മേഖല യൂണിയനിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ്/ ബാങ്ക് ഗ്യാരണ്ടി സമർപ്പിക്കേണ്ടതും സ്വന്തം ചിലവിൽ തിരുവനന്തപുരം മേഖല യൂണിയനുമായി 200 രൂപ മുദ്രപ്പത്രത്തിൽ കരാറുടമ്പടി തയ്യാറാക്കി നൽക്കേണ്ടതുമാണ്.

***മാനേജിംഗ് ഡയറക്ടർ***

Signed by
Rararaj.r
Date: 22-05-2026 15:19:45

# ANNEXURE *2*

## TECHNICAL SPECIFICATIONS: 3 MT and 5 MT PUFF INSULATED CONTAINER

### Insulated Body

1. The external wall of the container shall be of corrugated design for strength and longevity.
2. The outer shell shall be manufactured out of Mild Steel, press formed into various profiles. The structural shall be made out of 2.5 mm thickness sheet and side/end panels will be of corrugated sheet of thickness of 1.6 mm. All cross members shall be manufactured out of 2.5 mm thick SS 202 grade sheet.
3. All bolts and nuts used in the fabrication work shall be of stainless steel.
4. Outer shell shall be of all- welded construction and welding done with CO2 shielded MIG welding process.
5. The container roof, side & end wall panels shall be made out of 1.6 mm thick MS Corrugated sheet.
6. All panel joints shall be continuously welded for better strength and appearance.
7. The Body, outer shell after fabrication, shall be chemical treatment to remove rust, dirt and other materials.
8. The cleaned surface shall be painted in spray - painting process. The painting scheme is as under.

| Scheme | Interior | Exterior | Under Structure |
|---|---|---|---|
| Primer Coat | Zinc Rich Epoxy Primer | Zinc Rich Epoxy Primer | Zinc Rich Epoxy Primer |
| Top Coat | | Aspa Auto Coat | Bituminous Paint |

9. The external paint colour shade and marking shall be as per specific requirements from party.
10. All six sides of the body are homogeneously insulated in Polyurethane cast in - situ. The PUF material shall have average density of 40 +/-2 kgm³ and thermal conductivity value of 0.017 W/m deg.K. The minimum insulation thickness shall be 70 mm.
11. The inner body side/ends and roof shall be lined with 0.3mm thick SS Sheet (304 2B Grade) bonded to Marine Grade Plywood 6 mm thick manufactured out of 100% Keruing Timber.
12. All panel joints are sealed with press formed SS sections fastened with SS pop rivets.
13. For the insulated body the floor shall have 1.6 mm thick SS 304 grade Checkered sheet laid in the form of a tray and all joints welded in the TIG welded process. The skirting will be min.150 mm. The inner bottom shall be lined with Marine Grade Plywood 12 mm thick manufactured out of 100% Keruing Timber.
14. The body shall be provided with Corner fittings at all eight corners to facilitate easy handling & lashing.

15. Two nos of water proof 12 V light assembly shall be fixed on the top with controls at suitable points.

**Frames & Accessories**

1. The insulated body shall be provided with a integrated frame, which is directly welded / bolted on to bottom structure of the body. The integrated frame will be complete with U bolts, fasteners, balata packing/wooden runners etc for direct mounting on to the chassis.
2. "The PUF Insulated Body" shall be suitable for direct mounting on to the Chassis provided by us, as detailed below. The other accessories such as rear mud guard, rear lamp protection grill; ring ladder etc shall also be fabricated and supplied.

# ANNEXURE *3*

## ***സമ്മതപത്രം***

തിരുവനന്തപുരം മേഖല യൂണിയനിൽ TD/MKT/216/2026 നമ്പറായി ............. തീയതിയിലെ ടെൻഡർ വിജ്ഞാപന പ്രകാരം നെടുമങ്ങാട് മാർക്കറ്റിംഗ് ഹബ്ബ് നടത്തിപ്പിനായി ടെൻഡറിൽ പങ്കെടുക്കുന്ന ..................... എന്ന ഞാൻ കരാർ ലഭിക്കുന്ന പക്ഷം ടെൻഡറിൽ നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ച് കരാർ ഏറ്റെടുത്തു നടത്താമെന്ന് ഇതിനാൽ ഉറപ്പു നൽകുന്നു

സ്ഥലം പേര്
തീയതി ഒപ്പ്

NB*ടെൻഡറിൽ പങ്കെടുക്കുന്നവർ മേൽ പറഞ്ഞിരിക്കുന്ന മാതൃകയിൽ സമ്മതപത്രം 200 രൂപ വിലയുള്ള മുദ്ര പത്രത്തിൽ തയ്യാറാക്കി ടെൻഡർ ഡോക്യുമെന്റിനോടൊപ്പം അപ്‌ലോഡ് ചെയ്യേണ്ടതാണ് .